കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വടക്കാഞ്ചേരി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ(എം)117/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ-680 020.
ഫോൺ നം. 0487 2331249
ഇ മെയിൽ: dotsr.ksad@kerala.gov.in

തീയതി.31/01/2017

ജോയിന്റ് ഡയറക്ടർ

മുൻസിപ്പൽ ചെയർമാൻ

(സെക്രട്ടറി മുഖേന)

വടക്കാഞ്ചേരി നഗരസഭ

സർ,

വിഷയം : വടക്കാഞ്ചേരി നഗരസഭ - 2015-16 സാമ്പത്തിക വർഷത്തെ (1.11.15മുതൽ 31.3.16വരെ) ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

***********************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുൻസിപ്പാലിറ്റി ആക്ട് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)റീജിയണൽ ജോയിന്റ് ഡയറക്ടർ,കൊച്ചി.
3) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(എം)117/2017 തിയ്യതി:31/01/2017

## തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ (1.11.15മുതൽ 31.3.16 വരെ) ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കേരള ഗസറ്റ് അസാധാരണം നം.1061/30.04.2015, സർക്കാർ ഉത്തരവ് (അച്ചടി നം.) 152/15 /ത.സ്വ.ഭ.വ, 30.04.2015 എന്നിവ പ്രകാരം മുണ്ടത്തിക്കോട്, വടക്കാഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളെ സംയോജിപ്പിച്ച് വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയായി 2015 നവംബർ 1 തിയ്യതി പ്രാബല്യത്തിൽ രൂപികരിച്ചുകൊണ്ട് കേരള സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. വടക്കാഞ്ചേരി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ (1.11.15മുതൽ 31.3.16 വരെ) ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.11.15 മുതൽ 31.03.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.11.15 മുതൽ 31.3.16 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുരേഷ്ബാബു.വി., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.12.16 മുതൽ 31.12.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്. |

| | |
|---|---|
| | ഓഡിറ്റ്ഓഫീസർ.(ഹ.ഗ്രേ)<br>വിദ്യാവിക്രമൻ,<br>അസി.ഓഡിറ്റ് ഓഫീസർ<br><br>കെ.എം.ഷാജിത.<br><br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ശ്രീമതി.രാജിഷ.ആർ,<br>ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശിവപ്രിയാ സന്തോഷ്. | 01.11.2015മുതൽ<br><br>31.3.2016 വരെ |
| സെക്രട്ടറി | ലിജോ അഗസ്റ്റിൻ.എം.ജെ | 01.11.2015മുതൽ<br><br>31.3.16 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ:-

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | നവാസ്.എസ്<br>മുണ്ടത്തിക്കോട് മേഖലാ കാര്യാലയം | 01.11.2015<br>മുതൽ<br><br>31.3.2016 വരെ |
| | രാമചന്ദ്രൻ.വി<br>വടക്കാഞ്ചേരി മേഖലാ കാര്യാലയം | 1.11.2015 മുതൽ<br><br>31.3.16 വരെ |
| വെറ്ററിനറി സർജൻ<br>(വടക്കാഞ്ചേരി മേഖലാ<br>കാര്യാലയം) | ഡോ.അനിൽകുമാർ | 1.11.2015മുതൽ<br><br>12.2.16 വരെ |
| | ഡോ.ജോയ് കുര്യാക്കോസ് | 13.2.16 മുതൽ<br>31.3.16 വരെ |
| വെറ്ററിനറി സർജൻ<br>(മുണ്ടത്തിക്കോട് മേഖലാ<br>കാര്യാലയം) | ഡോ.ലീന | 01.11.15 മുതൽ<br>31.03.16 വരെ |
| മെഡിക്കൽഓഫീസർ,<br>പി.എച്ച്.സി | ഡോ.എം.ആർ.ബാലകൃഷ്ണൻ | 01.11.2015<br>മുതൽ<br><br>31.3.16 വരെ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ.അനശങ്കർ | 01.11.2015മുതൽ<br>31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ജോളി | 1.11.15 മുതൽ<br>31.3.16 വരെ |
| വി.ഇ.ഒ | ശ്രീമതി.മിനി.വി.എൻ (വടക്കാഞ്ചേരി സർക്കിൾ) - വടക്കാഞ്ചേരി മേഖലാ കാര്യാലയം | 01.11.2015മുതൽ<br>31.3.16 വരെ |
| | ശ്രീമതി.രഞ്ജിനി.എൻ(കുമരനെല്ലൂർ& എങ്കക്കാട് സർക്കിൾ)-വടക്കാഞ്ചേരി മേഖലാ കാര്യാലയം | 01.11.2015മുതൽ<br>31.3.16 വരെ |
| | ശ്രീ.ശരത് മോഹൻ -മുണ്ടത്തിക്കോട് മേഖലാ കാര്യാലയം | 01.11.2015മുതൽ<br>31.3.16 വരെ |
| ഐ.സിഡിഎസ്.സൂപ്പർവൈസർ | ശ്രീമതി.കോമളവല്ലി (വടക്കാഞ്ചേരി മേഖല കാര്യാലയം) | 01.11.2015മുതൽ<br>31.3.16 വരെ |
| | ശ്രീമതി.ലാലി.വി.ടി (മുണ്ടത്തിക്കോട് മേഖലാ കാര്യാലയം) | 01.11.2015മുതൽ<br>31.3.16 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ: എൽ.പി.സ്കൂൾ, വടക്കാഞ്ചേരി | ശ്രീമതി.സുബൈദ | 01.11.2015മുതൽ<br>31.3.16 വരെ |
| ഹെഡ് മാസ്റ്റർ, ഗവ: യു.പി സ്കൂൾ പാർളിക്കാട് | ശ്രീ.രാജൻ.പി.ജെ | 01.11.2015മുതൽ<br>31.3.16വരെ |
| അസിസ്റ്റന്റ്എൻജിനിയർ | ശ്രീമതി. ഷെറിൻ ആൻഡ്രൂസ് | 01.11.2015മുതൽ<br>31.3.16വരെ |
| കൃഷി ഓഫീസർ | സുനിൽകുമാർ.എൻ.വി (വടക്കാഞ്ചേരി മേഖലാ കാര്യാലയം) | 1.11.15 മുതൽ<br>31.3.16 വരെ |
| | മനോജ്.എ.എൻ (മുണ്ടത്തിക്കോട് മേഖലാ കാര്യാലയം | 1.11.15 മുതൽ<br>31.3.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മഹേഷ്.വി.സി (വടക്കാഞ്ചേരി മേഖലാ കാര്യാലയം) | 1.11.15 മുതൽ<br>31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, സാമൂഹ്യാരോഗ്യ കേന്ദ്രം, എരുമപ്പെട്ടി | ഡോ.സെബാസ്റ്റ്യൻ | 1.11.15 മുതൽ<br>31.3.16 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1. |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം2- വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | ലൈസൻസ്ഡ് ബിൽഡിംങ്ങ് സൂപ്പർവൈസർമാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 12 | ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന | 2-2 |
| 13 | വാടക കുടിശ്ശിക നിലനിൽക്കുന്നു | 2-3 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 15 | വിനോദനികുതി-ടിക്കറ്റ് സീൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2-5 |
| 16 | തൊഴിൽ നികുതി അപാകതകൾ | 2-6 |
| 17 | വസ്തുനികുതി പുതിയ നിരക്കിൽ വാങ്ങേണ്ടതാണ് | 2-7 |
| 18 | ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2-8 |

| | | |
|---|---|---|
| 19 | ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ വിവരം ലഭ്യമല്ല | 2-9 |
| 20 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല | 2-10 |
| | ഭാഗം 3<br>ചെലവു കണക്കുകളിൻമേലുള്ള നീരീക്ഷണങ്ങൾ | |
| 21 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭിച്ചില്ല . | 3-1 |
| 22 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-അനർഹർക്ക് അനുവദിച്ചു | 3-2 |
| 23 | ഭവനപുനരുദ്ധാരണ സബ്സിഡി - അനർഹർക്ക് അനുവദിച്ചു | 3-3 |
| 24 | രാജീവ് ഗാന്ധിഭവനനിർമ്മാണം-ആദ്യഗഡു കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. (വടക്കാഞ്ചേരി മേഖല) | 3-4 |
| 25 | രാജീവ് ഗാന്ധി ഭവനനിർമ്മാണം-പരിധിയിൽ കുറഞ്ഞ തറവിസ്തീർണ്ണത്തിൽ ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താവിന് സബ്സിഡി തുക അനുവദിച്ചു. (മുണ്ടത്തിക്കോട് മേഖല) | 3-5 |
| 26 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല (മുണ്ടത്തിക്കോട് & വടക്കാഞ്ചേരി മേഖല) | 3-6 |
| 27 | തറവിസ്തൃതി അധികരിച്ച് പൂർത്തീകരിച്ച ഭവനത്തിന് ധനസഹായം പൂർണ്ണമായി അനുവദിച്ചു . | 3-7 |
| 28 | ഭവനം-സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശ പ്രകാരം കരാർ രജിസ്റ്റർ ചെയ്തിട്ടില്ല (മുണ്ടത്തിക്കോട് മേഖല). | 3-8 |
| 29 | ഐ.എ.വൈ അധികധനസഹായം – ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല -ബ്ലോക്ക് പഞ്ചായത്ത് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി. | 3-9 |
| 30 | വി,ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ-രേഖകൾ ഹാജരാക്കിയിട്ടില്ല | 3-10 |

| | | |
|---|---|---|
| 31 | കന്നുകുട്ടി പരിപാലനം – പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (മുണ്ടത്തിക്കോട് മേഖല) | 3-11 |
| 32 | കന്നുകുട്ടി പരിപാലനം – പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 3-12 |
| 33 | അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി - അപാകതകൾ (വടക്കാഞ്ചേരി മേഖല) | 3-13 |
| 34 | നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടത് സംബന്ധിച്ച് | 3-14 |
| 35 | എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (പ്രൊ.നം.s37/16) വാങ്ങി നൽകൽ - മാർഗ്ഗ രേഖ പാലിച്ചില്ല. | 3-15 |
| 36 | തൊഴിൽ രഹിതവേതനം – അനർഹമായ കാലയളവിലേക്ക് അനുവദിച്ചു . | 3-16 |
| 37 | വാട്ടർ അതോറിറ്റി – ഭീമമായ കുടിശ്ശിക – സംയുക്ത പരിശോധന അനിവാര്യം | 3-17 |
| 38 | ജനറേറ്റർ ലോഗ്ബുക്ക് സൂക്ഷിച്ചിട്ടില്ല . | 3-18 |
| 39 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി – എ.ഡി.എസ് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് സംബന്ധിച്ച് . | 3-19 |
| 40 | നഗരസഭ-സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ട ലൈബ്രറിസെസ് അടവാക്കിയിട്ടില്ല. | 3-20 |
| 41 | കോൺട്രിബ്യൂട്ടറി പെൻഷൻ – ശമ്പളത്തിൽ നിന്നും പിടിച്ച തുക പെൻഷൻ അക്കൗണ്ടിൽ അടവാക്കുന്നില്ല. | 3-21 |
| 42 | സമഗ്രക്ഷീര വികസനം – അധികമായി അനുവദിച്ച സബ്സിഡി തിരികെ അടച്ചു. (ഓഡിറ്റ് ഇംപാക്ട്) . | 3-22 |
| 43 | ആധുനിക അറവുശാല 5വർഷം കഴിഞ്ഞിട്ടും യാഥാർത്ഥ്യമായില്ല | 3-23 |
| 44 | ബയോഗ്യാസ് പ്ലാന്റിന്റെ വാർഷിക | 3-24 |

| | | |
|---|---|---|
| | അറ്റകുറ്റപ്പണി കരാറിന്റെ ലംഘനം – പ്ലാന്റിന്റെ പ്രവർത്തനം അനിശ്ചിതാവസ്ഥയിൽ | |
| 45 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് ബാക്കി തുക നൽകിയത് – ഫയൽ ഹാജരാക്കിയില്ല . | 3-25 |
| 46 | അകമല കുടിവെള്ളപദ്ധതി ത്രീ ഫേസ് കണക്ഷൻ – പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകാതെ അധികതുക നിക്ഷേപിച്ചു | 3-26 |
| 47 | വിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റ് രശീതി എന്നിവ ലഭ്യമാക്കിയില്ല . | 3-27 |
| 48 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ - അപാകതകൾ | 3-28 |
| 49 | പട്ടികജാതി കോളനിയിൽ കൂടുതൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - നിർവ്വഹണത്തിലെ അപാകതകൾ | 3-29 |
| 50 | ഹൈമാസ്റ്റ് ലൈറ്റ് അറ്റക്കുറ്റപ്പണി -ആദായനികുതി,ക്ഷേമനിധിവിഹിതം എന്നിവ അടവാക്കിയതിന്റെ രേഖയില്ല | 3-30 |
| 51 | പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- സ്ഥാപിച്ചതിന്റെ രേഖയില്ല | 3-31 |
| 52 | ക്ലീൻ കേരള മിഷൻ ഓഹരികൾ വാങ്ങൽ – മുൻകാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജി.ഒ.പ്രൊജക്ടായി നടപ്പാക്കി | 3-32 |
| 53 | മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയോഗി- ക്കുന്ന വാഹനത്തിന്റെ ലോഗ്ബുക്ക് എഴുതുന്നതിലെ അപാകതകൾ | 3-33 |
| 54 | ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ വരാത്തതും കൈമാറിക്കിട്ടിയതല്ലാത്തതുമായ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ നൽകി | 3-34 |
| 55 | സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയില്ലാതെ പട്ടികജാതി വികസനഫണ്ട് ചെലവഴിച്ചു | 3-35 |
| 56 | ചാമക്കാല റോഡ് സോളിംഗ് , മെറ്റലിംഗ്, ടാറിംഗ് - പാർട്ട് ബില്ലിൽ അധിക തുക നൽകി | 3-36 |
| 57 | പൂർത്തീകരിക്കാത്ത പ്രൊജക്ടുകൾ | 3-37 |
| 58 | മോണിട്ടറിങ്ങ് നടത്തുന്നില്ല | 3-38 |

| | | |
|---|---|---|
| 59 | കെട്ടിട തൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-39 |
| 60 | കോമ്പൗണ്ടിങ്ങ് സർട്ടിഫിക്കറ്റ് ഇല്ലാതെ കുറഞ്ഞ നിരക്കിൽ വാറ്റ് ഈടാക്കി | 3-40 |
| 61 | ആശ്രയ പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമല്ല | 3-41 |
| 62 | പകൽവീടിന്റെ ഭാഗികമായ ഉപയോഗം | 3-42 |
| 63 | മോഡൽ ക്ലാസ്സ് മുറികൾ പ്രവർത്തന-സജ്ജമായില്ല | 3-43 |
| 64 | സുലേഖ ചെലവ് പത്രികയും ട്രഷറി ബിൽബുക്ക്/ വൗച്ചറുകൾ എന്നിവ പ്രകാരമുള്ള ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 3-44 |
| | ഭാഗം 4 | |
| 65 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) | 4-1 |
| 66 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 67 | സ്ഥിരനിക്ഷേപങ്ങൾ | 4-3 |
| 68 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 69 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 70 | ഓഡിറ്റ് റിക്കവറി | 4-6 |
| 71 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 72 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 73 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 74 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് 19/03/15 തിയതിയിലെ തീരുമാനം (1) പ്രകാരവും, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 30.03.2015 തിയതിയിലെ 1 നംപർ തീരുമാന പ്രകാരവും അംഗീകരിച്ചു. വടക്കാഞ്ചേരി മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തുകൾ

സംയോജിച്ച് 1.11.15 മുതൽ വടക്കാഞ്ചേരി നഗരസഭ രൂപീകൃതമായതിനാൽ നഗരസഭയ്ക്ക് പ്രത്യേകമായി ബജറ്റ് തയ്യാറാക്കിയിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/7/2016 | 17/11/2016 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

മുണ്ടത്തിക്കോട്, വടക്കാഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളെ കൂട്ടിച്ചേർത്ത് 1/11/2015 മുതൽ വടക്കാഞ്ചേരി നഗരസഭ നിലവിൽ വരികയും 1/11/2015മുതൽ 31/3/2016 വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചതിന്റെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വാർഷിക കണക്ക് രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് ഷെഡ്യൂൾ ആർപി -40(ബി) പ്രകാരം തൃശ്ശൂർ ജില്ല സഹകരണ ബാങ്ക് - തനത് ഫണ്ട് (അക്കൗണ്ട് നമ്പർ 10705014282) അക്കൗണ്ടിലെ നീക്കിയിരിപ്പ് 9771959/- രൂപയാണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 8814725/- രൂപയും. ടി അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 ൽ loan from financial institutions (330500200) എന്ന ഹെഡ്ഡിൽ 2967385/- രൂപയും, ഷെഡ്യൂൾ ബി-6ൽ loans from Banks &other financial institutions(331500100) എന്ന ഹെഡ്ഡിൽ 42275000/- രൂപയും ലോൺ അടവാക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(ഷെഡ്യൂൾ ബി-5 loan from other institutions -എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന1464975/- രൂപ മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്തിൽ നിന്ന് എം.എൻ ഭവന പദ്ധതിയ്ക്ക് ലഭിച്ചതിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക ട്രാൻസ്ഫർ ചെയ്തതാണ്. ആയത് പഞ്ചായത്തിന് ഹൗസിങ്ങ് കോർപ്പറേഷനൽ നിന്നും ലഭിച്ചതുക ആയതിനാൽ ലോൺ ബാധ്യതയായി കണക്കാക്കേണ്ടതില്ല.ടി പദ്ധതിയിൽ തുക നല്കാൻ ഇനി ഗുണഭോക്താക്കൾ ഇല്ലയെങ്കിൽ ശേഷിക്കുന്ന തുക തിരിച്ചടയ്ക്കുവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്)

3)വാർഷിക കണക്ക് രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് ഷെഡ്യൂൾ ആർപി-40 (ബി) (ഹെഡ് 450100100) പ്രകാരം 31/3/2016ലെ ക്യാഷ് നീക്കിയിരിപ്പ് 1685/- രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് ഇല്ല.

4)കെട്ടിട നികുതി (തൻവർഷം, കുടിശ്ശിക) എന്നിവയുടെ എഴുതി തയ്യാറാക്കിയ രജിസ്റ്ററും, വാർഷിക കണക്കുമായും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>കെട്ടിട നികുതി</u>

| കെട്ടിട നികുതി (തൻവർഷം) | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 64306 | 4382921 | 4577385 |
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 10932388 | 6634694 | 4297694 |

| കെട്ടിട നികുതി (കുടിശ്ശിക) | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 6521724 (മുണ്ടത്തിക്കോട് , വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തുകളുടെ 2014-15 വർഷത്തെ വാർഷിക കണക്ക് ഷെഡ്യൂൾ ബി - 15 പ്രകാരമുള്ള നീക്കിയിരിപ്പ് – ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 683667 (ലൈബ്രറി സെസ്സ് ഉൾപ്പെട്ടിട്ടില്ല) | 2734489 (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 4394814 | 1493436 (ലൈബ്രറി സെസ്സ് ഉൾപ്പെട്ടിട്ടില്ല) | 2826705 (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |

5) സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി (കറന്റ് &അരിയർ), ഡി&ഒ ലൈസൻസ് ഫീ, വാടക എന്നിവയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷികകണക്കുമായി താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

6)ഗ്രാമ വികസന കമ്മീഷണറുടെ 29/10/2015 ലെ 27581/എൻ.ആർ.ഇ.ജിസെൽ4 /2010/സി.ആർഡി പ്രകാരം മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്തിന്റെയും ,വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തിന്റേയും 31/10/2015 നശേഷമുള്ള എൻ.ആർ.ഇ.ജി ഫണ്ട് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലേക്ക് മാറ്റുകയും തുടർന്ന് 1/11/2015 മുതലുള്ള വരവ് ചെലവുകൾ ഇവിടെ നിന്ന് നടത്തുകയുമാണ് ചെയ്തിട്ടുള്ളത് .പ്രസ്തുത വരവ് ചെലവുകൾ മുൻസിപ്പാലിറ്റി അക്കൗണ്ടിലോ, ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലോ ഉൾപ്പെടുത്തിയിട്ടില്ല.

7)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം Grants ,Contribution for specific purpose-central government-478054/- എന്ന ഹെഡ്ഡിലും, Other Grants& contributions for specific purpose- -1369928/- എന്ന ഹെഡ്ഡിലും നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത

പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

8)വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 1/11/2015 ലെ ഓപ്പണിങ്ങ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 (Grants, contribution for specific purpose) പ്രകാരം മുന്നിരിപ്പായി കാണിച്ചിരിക്കുന്നത് 5789574/- ആണ്. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 31/10/2015-ലെ ക്ലോസിങ്ങ് ബാലൻസ് ഷീറ്റ് പ്രകാരം ഇതേ ഹെഡ്ഡിലെ നീക്കിയിരിപ്പ് തുകയായ 15641773/-രൂപയും, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ 31/10/2015 ലെ ക്ലോസിങ്ങ് ബാലൻസ് ഷീറ്റ് പ്രകാരം ഇതേ ഹെഡ്ഡിലെ നീക്കിയിരിപ്പ് തുകയായ 7623588/-രൂപയും ഉൾപ്പെടെ 23265361/- രൂപയാണ് പ്രസ്തുത ഹെഡ്ഡിൽ വരേണ്ടിയിരുന്നത്. മേൽ പ്രകാരം വ്യത്യാസം വരാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

9)വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 1/11/2015 ലെ ഓപ്പണിങ്ങ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17( cash and bank balance)പ്രകാരം മുന്നിരിപ്പായി കാണിച്ചിരിക്കുന്നത് 22366786/-ആണ്.വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 31/10/2015 ലെ ക്ലോസിങ്ങ് ബാലൻസ് ഷീറ്റ് പ്രകാരം ഇതേ ഹെഡ്ഡിലെ നീക്കിയിരിപ്പ് തുകയായ 29322173/-രൂപയും ,മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ 31/10/2015 ലെ ക്ലോസിങ്ങ് ബാലൻസ് ഷീറ്റ് പ്രകാരം ഇതേ ഹെഡ്ഡിലെ നീക്കിയിരിപ്പ് തുകയായ 10520400/-രൂപയും ഉൾപ്പെടെ 39842573/- രൂപയാണ് പ്രസ്തുത ഹെഡ്ഡിൽ വരേണ്ടിയിരുന്നത്. മേൽ പ്രകാരം വ്യത്യാസം വരാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

10)മുൻസിപ്പാലിറ്റിയുടെഓപ്പണിങ്ങ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേയ്സുകളുടെ മൂല്യം, ക്ലോസിങ്ങ് സ്റ്റോക്കിന്റെ മൂല്യം എന്നിവ തയ്യാറാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11)മുൻസിപ്പാലിറ്റിയുടെ നാളിതുവരെയുള്ള ആസ്തി ബാധ്യത വിവരങ്ങൾ തയ്യാറാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39842573 |
| വരവ് | 53723547 |
| ആകെ | 93566120 |
| ചെലവ് | 77674498 |
| നീക്കിയിരിപ്പ്- | 15891622 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് നേരിട്ട് അടവാക്കിയ തുക | നീക്കിയിരിപ്പ് 40(b)പ്രകാരം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3461168 | 14944511 | 18405679 | 15739353 | 2666326 | 0 |
| വികസനഫണ്ട് എസ്.സി.പി. | 3151576 | 6296791 | 9448367 | 6496190 | 2952177 | 0 |
| വികസനഫണ്ട് ടി.എസ്.പി. | – | – | – | – | – | |
| സംരക്ഷണഗ്രാന്റ് റോഡ് | 96609 | 3728772 | 3825381 | 3728772 | 96609 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2119497 | 1611906 | 3731403 | 1611906 | 2119497 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6036688 | 5496013 | 1153270 | 5496013 | 6036688 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 6071417 | - | 6071417 | _ | 6071417 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 140552 | 3851 | 144403 | 144403 (വടക്കാഞ്ചേരി ബ്ലോക്ക് ഓഫീസിന് കൈമാറി) | - | 0 |
| ബി ഫണ്ട് | | 40003600 | 40003600 | 40003600 | _ | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 292 | 228962540 | 53 | 43302711 | 231 | 8 | 18.15 |

## 1-7 തനത് വരുമാനം.

1/11/2015 മുതൽക്കാണ് വടക്കാഞ്ചേരി മുൻസിപ്പാലിറ്റി രൂപീകൃതമായിട്ടുള്ളത്.1.11.15 മുതൽ 31.3.16 വരെ ലഭിച്ച തുക താഴെ കൊടുക്കുന്നു.

| ഇനം | തൻവർഷം |
|---|---|
| നികുതി വരവുകൾ | 8959910 |
| നികുതിയേതര വരവുകൾ | 2668998 |
| മറ്റുവരവുകൾ | 197045 |
| ആകെ | 11825953 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 306960 | 371 |
| കർഷകതൊഴിലാളി പെൻഷൻ | 6239000 | 1388 |
| വിധവാപെൻഷൻ | 8170200 | 2565 |
| വാർദ്ധക്യകാലപെൻഷൻ | 6377400 | 2783 |
| വികലാംഗപെൻഷൻ | 1825900 | 601 |
| അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ | 2373600 | 412 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | ഇല്ല | - |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30/12/2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 75890/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | – | – | – |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | – | – |

വടക്കാഞ്ചേരി നഗരസഭ 01.11.15-ലാണ് രൂപീകൃതമായത്. 2016 മാർച്ച് വരെ മറ്റ് ഓഡിറ്റുകൾ നടത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈസൻസ്ഡ് ബിൽഡിംങ്ങ് സൂപ്പർവൈസർമാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ പരിധിയിലുള്ള താഴെ പറയുന്ന ലൈസൻസ്ഡ് ബിൽഡിംങ്ങ് സൂപ്പർവൈസർമാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | ലൈസൻസ്ഡ് ബിൽഡിംങ്ങ് സൂപ്പർവൈസർമാരുടെ പേരു വിവരം |
|---|---|
| 1 | പ്രദീപ്.എം.സി,രജിസ്റ്റർ നം D-1605/06/6772SB |
| 2 | എം.എസ്.സുധാകരൻ , CA, പാരാമൗണ്ട് കൺസ്ട്രക്ഷൻസ്, അത്താണി |
| 3 | സുരേഷ്.എൻ,ലൈസൻസ് നം L2-8321/07/7769/SB |
| 4 | ഷാജു.എ.ജെ,രജിസ്റ്റർ നം -G6-757/13/639/EA |
| 5 | സുരേഷ്.കെ.വി,രജിസ്റ്റർ നം. -G6-162/15/724/SA, AMAZE ബിൽഡേഴ്സ് & കൺസ്ട്രക്ഷൻസ് |
| 6 | രതീഷ് കുമാർ.എൻ.എ, നടുത്തറ, രജിസ്റ്റർ നം -G6-787/15 /2046/SD |
| 7 | കെ.ആർ ദേവദാസ്, രജിസ്റ്റർ നം -G6-2687/08/187/SB |
| 8 | ടോബി ജോൺ, രജിസ്റ്റർ നം -D- 1443/14/561/SB |
| 9 | സിന്ധു.കെ.എ, രജിസ്റ്റർ നം -G6-124/14/561/SB |
| 10 | വൈശാഖ്.എസ്,രജിസ്റ്റർ നം -G6-2502/13/711/EA |

| | |
|---|---|
| 11 | എം.വിജയൻ, റിട്ടയേഡ് എക്സിക്യൂട്ടീവ് എൻജിനിയർ, (പി.ഡബ്ള്യൂ.ഡി) |

മേൽ പറഞ്ഞവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2015-16 സാമ്പത്തികവർഷം (01.11.2015 മുതൽ 31.03.2016 വരെ) താഴെ പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.) വിശദ വിവരം താഴെ കൊടുക്കുന്നു.

| ഡിമാന്റ് രജിസ്റ്റർ നം | കെട്ടിട നം | പേരു വിവരം | സ്ഥാപനം |
|---|---|---|---|
| 6 | XI/581 | പി.എ.അബ്ദുൾ മുത്തലീഫ് | ആൻ ഫാസ്റ്റ് ഫുഡ് |
| 7 | III/1153 | ജിതിൻ ജോസ്,വടക്കാഞ്ചേരി | കംപ്യൂട്ടർ സർവീസ് |
| 8 | X/1172 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ | വിദേശ മദ്യശാല |
| 9 | XI/1422 | ഉമ്മർ.കെ.എം | സോഡ,ബേക്കറി |
| 10 | XI/1134 | റീന .കെ.ജോർജ്,നടത്തറ | ഗിഫ്റ്റ്,സ്റ്റേഷണറി |
| 11 | X/650 | അറിവഴകൻ | വീട്ടുപകരണ വിൽപന |
| 12 | III/228 | കെ.എൻ.കേശവൻ ആര്യമ്പാടം | മോട്ടോർവർക്ക്ഷെഡ് |
| 13 | XI/1449 | എ.പ്രേമ ചന്ദ്രൻ | മിൽമാബൂത്ത് |
| 15 | III/536,537 | നാഥൻ തോറാത്ത്,s/o ഭഗവാൻ | ജ്വല്ലറി |
| 18 | V/483A | ബിന്ദു ഗണേശൻ,അകമല | സാനിറ്ററി പാഡ് വിൽപന |
| 20 | 15/231 | ഫൗജി ,ചരൽ പറമ്പ് | മാക്സി വർക്ക് |
| 21 | XIII/457 | നൗഷാദ് .സി.എം | അലുമിനിയം ഫാബ്രിക്കേഷൻ |
| 22 | X/290 | ജിതിൻ ജോസ് | കംപ്യൂട്ടർ സെയിൽസ് സർവീസ് |
| 23 | X/746 | റജീഷ്.കെ.ആർ | ആലപ്പി പാഴ്സൽ സർവീസ് |

| | | | |
|---|---|---|---|
| 25 | Viii/260 | അഷറഫ്,ഏങ്കക്കാട് | പലചരക്ക് കട |
| 26 | Iii/849 | ജമാൽ ,തെരുവത്ത്,കൈപ്പറമ്പ് | ചിപ്സ് കട |
| 27 | Xi/167A | റെജീബ് കുറ്റിയാട്ടിൽ | ഫാൻസി,ടോയ്സ് |
| 28 | XI/1239 | ധനഞ്ജയൻ, വടക്കാഞ്ചേരി | സിറ്റി ഗോൾഡ് വർക്ക് |
| 29 | XI/737 | ജബ്ബാർ,ഇരട്ടകുളങ്ങര | അറഫ ടീ ഷോപ്പ് |
| 31 | II/1081 | ശശികാന്ത് പട്ടീൽ<br>കുമരനല്ലൂർ | ജോതിർലിംഗ് |
| 32 | X/1465 | ജസ്ന ,കുളമ്പിൽ.വാഴാനി | ഹോം അപ്ളൈൻസ് |
| 33 | XI/1380A | കമറുദീൻ,കേച്ചേരി | എസ്.കെ.വെജിറ്റബിൾസ് |
| 34 | III/841 | ഹൈദർഅലി, വടക്കാഞ്ചേരി | എ.കെ.വി.വെജിറ്റബിൾസ് |
| 35 | III/842 | മൈമുന,വടക്കാഞ്ചേരി | ബേക്കറി, കൂൾബാർ |
| 36 | II/817,818 | ജോയ്, ചിറയത്ത് | സ്വർണ്ണ വ്യാപാരം |
| 37 | XI/499 | കുമാർ,പി.ആർ | അലുമിനിയം ഫാബ്രിക്കേഷൻ |
| 38 | III/561 | കബീർ .കെ.,ഓട്ടുപാറ | ലേഡീസ് ഐറ്റംസ് കട |
| 40 | X/1479 | ബാലസുബ്രമണ്യൻ, GCDA, എറണാകുളം | വികലാംഗ ഉപകരണങ്ങളുടെ വിൽപന |
| 41 | XI/324 | അമീർഹുസൈൻ, മാരാത്ത് കുന്ന് | ഹോട്ടൽ |
| 42 | X/1329 | പി.ആർ പ്രസാദ് | ഹോട്ടൽ |
| 43 | XI/739 | രാജു വാഴാനി | ലോട്ടറി വിൽപന |
| 45 | XIV/495 | സലീം മുഹമദ് ,നടത്തറ | ചായക്കട |
| 47 | VII | മുസ്തഫ, പോട്ടശ്ശേരി | സീറ്റ് കവർ വിൽപന |
| 51 | X/198 | കെ.വി.ഷംസുദീൻ,ഓട്ടുപാറ | വിസ്മയ കാർ ഫാൻസി |
| 53 | XI/907 | ഐസക് വടക്കാഞ്ചേരി | സ്റ്റേഷണറിക്കട |
| 54 | III/786 | തോമസ് തരകൻ, ഓട്ടുപാറ | ഗൃഹോപകരണങ്ങൾ വിൽപന |
| 60 | X/609 | ഹംസ കുമരനല്ലൂർ | മലബാർ ബേക്കറി |
| 65 | X/1291 | ഷൈനി.പി.ബി | ബ്യൂട്ടി പാർലർ |

| | | | |
|---|---|---|---|
| 67 | X/1064 | അമീർ അലി,ഓട്ടുപാറ | സിറ്റി ഹോട്ടൽ |
| 69 | X/1073 | സൈതലി കരുമത്ര | ഗോൽഡ് കവറിംങ്ങ് വിൽപ |
| 70 | XII/189 | ജെയ്സി തോമസ് | തേർമം സ്റ്റോർസ് |
| 79 | IX/404 | രവീന്ദ്രൻ,ഏങ്കക്കാട് | സ്റ്റേഷണറി കട |
| 81 | XXII/237 | ടി.സി .ആന്റണി,പുല്ലാനിക്കാട് | സ്റ്റേഷണറി കട |
| 91 | X/290 | ദേവദാസൻ.എ.എം | പ്ളാസ്റ്റിക്സ് ഇൻഡസ്ട്രീസ് |
| 96 | X/562 | ജസീറ പരുത്തിപ്ര | സംസം മെഡിക്കൽസ് |
| 97 | XI | അബ്ദുൾ റഹ്മാൻ,ദേശമംഗലം | ഡി.ടി.പി സെന്റർ |
| 99 | III/878,879 | ജ്യോതിഷ് പെരുന്തരുത്തി | ലേസർ പ്രിന്റിങ്ങ് |
| 101 | XI/527 | രഞ്ജിഷ കിഷോർ | ബ്യൂട്ടി ക്ളിനിക്ക് |
| 111 | 10/1234,1235 | ബിനോയ് വെള്ളത്തേരി | വാഷിംങ്ങ് & അയേണിങ്ങ് |
| 115 | II/1446 | രാമ കൃഷ്ണൻ വടക്കഞ്ചേരി | എൻജിനിയറിംങ്ങ് വർക്ക്സ് |
| 125 | X/633,634 | സന്തോഷ് ബാബു,പൂമല | സാന്ദ്ര കളക്ഷൻ ഓട്ടുപാറ |

01.04.2015 മുതൽ 31.10.2015വരെയുള്ള കാലയളവിൽ 468 സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട്.01.11.2015 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ 145 എണ്ണം മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതിയിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങൾക്കും ഡി & ഒ ലൈസൻസ് അനുവദിച്ച വിവരം ലഭ്യമല്ല. വടക്കാഞ്ചേരി മുൻസിപ്പാലിറ്റി പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഡി & ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധന വിധേയമാക്കി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വാടക കുടിശ്ശിക നിലനിൽക്കുന്നു

വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ അധീനതയിലുള്ള (01.11.2015 മുതൽ 31.03.2016 വരെ) 92 മുറികൾ വാടകക്ക് നൽകിയിട്ടുണ്ട്. വാടകയിൻമേൽ സർവീസ് ടാക്സും ഈടാക്കി വരുന്നുണ്ട്. മുറികൾ ലേലം എടുത്ത താഴെ പറയുന്നവർ വാടകയോ സർവീസ് ടാക്സോ അടവാക്കിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം | റൂം നം | പേര്/വിലാസം | വാടക | സർവീസ് നികുതി |
|---|---|---|---|---|
| 1 | 10/411 | മൊയ്തീൻകുട്ടി,മാളാത്ത് | 8412 | 1154 |
| 2 | സ്റ്റാൾ നം2 | അബ്ദുൾ റഹ്മാൻ.പട്ടച്ചാലിൽ | 28750 | 3950 |
| 3 | 10/400 | ജയകുമാർ.പി.ആർ,പുഞ്ചയിൽ | 28362 | 3894 |
| 4 | 10/426 | ഷാഹിദ് ,അത്താണിക്കൽ | 32069(ഒരുമാസത്തെ മാത്രം വാടക അടച്ചിട്ടുള്ളൂ.) | 4447 |
| 5 | 10/424 | ഉമേഷ് നേത്തുകുളങ്ങര | 34980 | 4802 |
| 6 | 10/423 | വിനോദ്.എ.കെ.അത്രപ്പുള്ളി | 30338(ഒരുമാസത്തെ മാത്രം വാടക അടച്ചിട്ടുള്ളൂ.) | 3892 |
| 7 | 10/422 | രമേഷ് ,പൂന്തോപ്പിൽ,കെ.പി.കുന്ന് | 34380 | 4722 |
| 8 | 10/421 | വിനോദ്.എ.കെ.അത്രപ്പുള്ളി | 33810 | 4639 |
| 9 | 10/420 | കാർത്ത്യായനി.എ.കെ,കുന്നത്തുപുരക്കൽ | 13008 | 1794 |
| 10 | റൂം നം 4,നെല്ലിക്കുന്ന് | അജു.എം.എസ്, ദേവി നിവാസ്, വടക്കാഞ്ചേരി | 60483 | 8305 |
| 11 | 11/744 | മിഥുൻ.നെടുങ്ങോട്ടുപറമ്പിൽ | 19077 | 2621 |
| 12 | 11/746 | വി.എ.മുഹമദ്,വെളുത്താട്ടിൽ | 48000 | 6588 |
| 13 | 11/748 | ജിനീഷ്.എം.എസ്.പാർലിക്കാട് | 48000 | 6588 |
| 14 | 11749 | ഷാബു,എ.എ.അമ്മണത്ത് | 48000 | 6588 |
| 15 | 11/744 | പുഷ്പരാജൻ,പി.കെ,പാറപറമ്പിൽ | 24000 | 3360 |
| 16 | 10/428 | ഷാനിബ,കൊട്ടുവാപറമ്പിൽ | 19077 | 2621 |

ലേല നിബന്ധനകൾ പാലിക്കാത്ത മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്ന് ലേല വ്യവസ്ഥ പ്രകാരമുള്ള പിഴ പലിശയടക്കമുള്ള തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-4** സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭാ പ്രദേശത്ത് സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും കേരള മുൻസിപ്പൽ ചട്ടം അനുസരിച്ച് അർദ്ധവാർഷിക നിരക്കിൽ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ ഭാഗമായ മുണ്ടത്തിക്കോട് സോണൽ ഓഫീസിന്റെ പരിധിയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.കെ.എസ്.ഇ.ബി. ഓഫീസ്, മുണ്ടത്തിക്കോട്

2.സപ്ളൈകോ മാവേലി സ്റ്റോർ, ആര്യമ്പാടം

4 നന്മ നീതീ സ്റ്റോർ, പെരിങ്ങണ്ടൂർ

5 സർവീസ് സഹകരണ സംഘം നീതി സ്റ്റോർ,അത്താണി

6 സ്റ്റീൽ ഇൻഡസ്ട്രീസ് ഫോർജസ് ലിമിറ്റഡ്, അത്താണി

7 സൂപ്പർ സ്റ്റാർ, സതേൺ സ്റ്റാർ ഇൻഡസ്ട്രീസ്, അത്താണി

8 ദേവി ഫാസനേഴ്സ്

9 ചെമ്മണൂർ പ്ളാസ്റ്റിക്സ് & ഡൈസ് ഇൻഡസ്ട്രീസ്

10 സ്റ്റാർ പ്ളാസ്റ്റിക്സ്, മിണാലൂർ

11ഉജ്ജീവൻ ഫിനാൻസ് പ്രൈവെറ്റ് ലിമിറ്റഡ്

12 മുത്തൂറ്റ് ഫിനാൻസ്

13 സെന്റൂറി ഇൻഡസ്ട്രീസ്

14 DRDC SRL ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡ്

15 കത്തോലിക്ക് സിറിയൻ ബാങ്ക് പെരിങ്ങണ്ടൂർ ,പാർലിക്കാട് ,മുണ്ടത്തിക്കോട് ,പൂത്തുരത്തി

16 മൾട്ടി പർപസ് സൊസൈറ്റി അത്താണി

17 ധനലക്ഷമി ബാങ്ക്,അത്താണി

18 ഫെഡറൽ ബാങ്ക് ലിമിറ്റഡ് അത്താണി

19 ചെമ്മണൂർ പ്ളാസ്റ്റിക്സ്

20 പെരിങ്ങണ്ടൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

21 ഫൈവ് സ്റ്റാർ & എസ്.എസ്.പ്ളാസ്റ്റിക്സ്

22 തൃശ്ശൂർ പാടി മാർക്കറ്റിങ്ങ് & പ്രൊസസിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

23 അക്വാ സ്റ്റാർ ഇൻഡസ്ട്രീസ്

24 തൃശ്ശൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്

25 സർക്കാർ ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സോസൈറ്റി

മേൽപറഞ്ഞവ കൂടാതെ വടക്കാഞ്ചേരി മുൻസിപ്പാലിറ്റി പരിധിയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2015-16 രണ്ടാം അർദ്ധവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1.LIC ,വടക്കാഞ്ചേരി ബ്രാഞ്ച് ഓഫീസർ

2.യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ,വടക്കാഞ്ചേരി ബ്രാഞ്ച്

3.തലപ്പിള്ളി താലൂക്ക് പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ & റൂറൽ ഡവലപ്പ്മെന്റ് ബാങ്ക് ലിമിറ്റഡ്

4.ബി.ആർ.ഡി.മോട്ടോർസ് ലിമിറ്റഡ്.അകമല

5.കേരള കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് & വെൽഫയർ ബോർഡ്

6.കത്തോലിക്ക് സിറിയൻ ബാങ്ക്

7. കോ-ഓപ്പറേറ്റീവ് സൊസൈറ്റി

8.റെയ്ഡ്കോ കേരള ലിമിറ്റഡ്

9.വടക്കാഞ്ചേരി സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

11.യു.എ.ഇ.എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവീസസ്

12.സൗത്ത് ഇൻഡ്യൻ ബാങ്ക്,ഏങ്കക്കാട്

13.റബർ ബോർഡ്

14.ധനലക്ഷ്മി ബാങ്ക്

15.ടി.എൻ.ഓട്ടോ & ജനറൽ എൻജിനിയറിംങ്ങ് കോ-പ്രൈവറ്റ് ലിമിറ്റഡ്

16.ഐ.സി.ഐ.സി.ഐ ബാങ്ക്

17.ഇസാഫ് മൈക്രോ ഫിനാൻസ്

18.പഞ്ചാബ് നാഷണൽ ബാങ്ക്

19. സപ്ളൈക്കോ ഡിപ്പോ,വടക്കാഞ്ചരി

20.ഹീലിയോ പ്ളാസ്റ്റിക്സ്

21.മദർ പ്ളാസ്റ്റിക്സ്

22.എസ്.എം.സ്റ്റീൽ,സ്റ്റീൽ റീ-റോളിംങ്ങ് മിൽ
23. മുത്തൂറ്റ് ഫിനാൻസ്
24. ജനറൽ കുറീസ്
25. ഫെഡറൽ ബാങ്ക്

മുണ്ടത്തിക്കോട് സോണൽ ഓഫീസ് ഉൾപ്പെടെ വടക്കാഞ്ചേരി മുൻസിപ്പാലിറ്റി പരിധിയിലുള്ള മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വിനോദനികുതി-ടിക്കറ്റ് സീൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്,നഗരസഭ എന്നിവയിലെ വിനോദനികുതിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ താഴെ ചേർക്കുന്നു
.1)ടിക്കറ്റ് സീൽ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

വടക്കാഞ്ചേരി നഗരസഭയുടെ പരിധിയിൽ താളം, നൃ രാഗം എന്നിങ്ങനെ രണ്ടു തിയറ്ററുകൾ പ്രവർത്തിക്കുന്നുവെങ്കിലും നഗരസഭ സീൽ ചെയ്ത് കൊടുക്കുന്ന ടിക്കറ്റുകളുടെ വിവരം രേഖപ്പെടുത്തുന്ന ടിക്കറ്റ് സീൽ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല

2)ബാലൻസ് ടിക്കറ്റുകൾ ഹാജരാക്കിയില്ല

പുതുക്കിയ ടിക്കറ്റ് നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ അവശേഷിച്ച സീൽ പതിച്ച ടിക്കറ്റുകൾ നഗരസഭയിൽ തിരികെ ഏല്പിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| താളം(6.11.15മുതൽ നിരക്ക് വർദ്ധന) | | നൃരാഗം(20.11.15 മുതൽ നിരക്ക് വർദ്ധന) | |
|---|---|---|---|
| ക്ലാസ് | അവസാനം വിറ്റ ടിക്കറ്റ് | ക്ലാസ് | അവസാനം വിറ്റ ടിക്കറ്റ് |
| ബാൽക്കണി | 8038 | ബാൽക്കണി | 3049 |
| ഫസ്റ്റ് ക്ലാസ് | 2489 | ഫസ്റ്റ് ക്ലാസ് | 5026 |
| സെക്കൻഡ് ക്ലാസ് | 2869 | സെക്കൻഡ് ക്ലാസ് | 1912 |

'ടിക്കറ്റ് സീൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ സീൽ ചെയ്തു നൽകിയ ടിക്കറ്റുകളുടെ എണ്ണമോ, തിരികെ ഏൽപ്പിച്ച ടിക്കറ്റുകളുടെ എണ്ണമോ അറിയാൻ സംവിധാനമില്ല.ടിക്കററ് സീൽ രജിസ്റ്റർ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി അപാകതകൾ

വടക്കാഞ്ചേരി നഗരസഭയുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി വരവ് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

(എ) തൊഴിൽനികുതി കുറവായി ഈടാക്കി

അടിസ്ഥാനശമ്പളം 14620/-രൂപ രേഖപ്പെടുത്തിയ ലിനി ബാബു, PRO, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി എന്നവരുടെ അർദ്ധവാർഷികവരുമാനം 74240/- രൂപ കണക്കാക്കി 600/- രൂപയാണ് ഈടാക്കിയത്. എന്നാൽ ആകെ അർദ്ധവാർഷികവരുമാനം 87720/- രൂപയും ഈടാക്കേണ്ട നികുതി 750/- രൂപയുമാണ്.കുറവായി ഈടാക്കിയ തുക ഈടാക്കേണ്ടതാണ്.

(ബി) അർദ്ധവാർഷികവരുമാനം രേഖപ്പെടുത്താത്ത വരുമാന പത്രികകളിൽ നിന്നും തൊഴിൽനികുതി ഈടാക്കി.

| ജീവനക്കാരൻ | സ്ഥാപനം | ഈടാക്കിയത് |
|---|---|---|
| ബിന്ദു.വി.ആർ<br>അറ്റൻഡർ | ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | 1000 |
| ഉണ്ണി.സി<br>പി.ടി.സി | ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | 600 |
| ഹാരിസ് അബ്ദുൾകരീം<br>ഓവർസീയർ | നഗരസഭ, വടക്കാഞ്ചേരി | 600 |

അർദ്ധവാർഷികവരുമാനം രേഖപ്പെടുത്താത്ത വരുമാനപത്രികളെ അടിസ്ഥാനമാക്കി മേൽ പ്രകാരം തുക ഈടാക്കിയതിന്റെ കൃത്യത ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 വസ്തുനികുതി പുതിയ നിരക്കിൽ വാങ്ങേണ്ടതാണ്

മുണ്ടത്തിക്കോട്, വടക്കാഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളെ വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയായി 2015 നവംബർ 1 തിയ്യതി മുതൽ പ്രാബല്യത്തിൽ രൂപികരിച്ചുകൊണ്ട് കേരള സർക്കാർ വിജ്ഞാപനം ചെയ്തതിനെ തുടർന്ന് നൽകിയ മാർഗ്ഗരേഖയിൽ (ജി.ഒ.(പി) നം.570/15/fin, 15.12.2015 ഗൈഡ് ലൈസൻസ്, സ.ഉ. (സാധാരണ) നം.3655/15/LSGD, 05.12.2015 നഗരസഭയുടെ പ്രവർത്തനം സുഗമമാക്കുന്ന പൊതു നടപടികൾ എന്നിവ അനുസരിച്ച് ) 31.10.2015 നുശേഷം മുണ്ടത്തിക്കോട് സോണൽ ഓഫീസിന്റെയും വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെയും പരിധിയിലുള്ള വാർഡുകളിലെ കെട്ടിടങ്ങളുടെ വസ്തുനികുതി മുൻസിപ്പാലിറ്റിക്കു ബാധകമാകുന്ന നിരക്കിൽ വാങ്ങേണ്ടതാണ്. ഉത്തരവ് നിലവിൽ വന്ന് ഒരു വർഷമായിട്ടും വസ്തുനികുതി പഞ്ചായത്തിനു ബാധകമായ നിരക്കിലാണ് വാങ്ങിവരുന്നത്. ഇതു തുടർന്നാൽ ഭാവിയിൽ തനതു ഫണ്ട് വരവ് കുറയുന്ന സാഹചര്യത്തിലേക്കാണ് നയിക്കുക. തനതു ഫണ്ട് വരവ് വർദ്ധിപ്പിക്കുന്ന വിധത്തിൽ വസ്തു നികുതി പുതിയ നിരക്കിൽ വാങ്ങാൻ മുൻസിപ്പാലിറ്റി അധികൃതർ മുൻകൈയ്യെടുക്കേണ്ടതാണ്.

## 2-8 ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വടക്കാഞ്ചേരി മുൻസിപ്പാലിറ്റി പരിധിയിൽ വരുന്ന സ്വയം തൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങളും വ്യാപാരികളും ബിസ്സിനസ്സ് സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ട്രേഡേഴ്സ് രജിസ്റ്റർ / ട്രേഡേഴ്സ് ലിസ്റ്റ് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വാർഡ് അടിസ്ഥാനത്തിൽ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അവയെല്ലാം ഡി ആന്റ് ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്ന വിലയിരുത്തലിന് ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കേണ്ടത് ആവശ്യ ഘടകമാണ്. വാർഡ് തലത്തിൽ ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-9 ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ വിവരം ലഭ്യമല്ല

2015-16 സാമ്പത്തിക വർഷം വടക്കാഞ്ചേരി മുൻസിപ്പാലിറ്റിപരിധിയിലുള്ള മൊബൈൽ ടവറുകൾ വസ്തുനികുതി അടച്ച വിവരം ലഭ്യമല്ല.ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്,റിലയൻസ് ഇൻഫോകോം ലിമിറ്റഡ്, ഇൻഡസ് ടവേഴ്സ്, റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് എന്നീ ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ മുൻ വർഷങ്ങളിൽ ബിൽഡിംങ്ങ് പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് അവയിൽ നിന്നും ഈടാക്കിയ വസ്തു നികുതി വിവരം ലഭ്യമല്ല. വാർഡ് അടിസ്ഥാനത്തിൽ എത്ര മൊബൈൽ ടവറുകൾ ഉണ്ടെന്ന വിവരം നഗരസഭയിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിച്ച കാണുന്നില്ല. മൊബൈൽ ടവറുകളിൽ നിന്ന് ഏറ്റവും പുതിയ വസ്തുനികുതി പരിഷ്കരണം അനുസരിച്ചുള്ള വസ്തുനികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കാൻ നഗരസഭ അധികാരികൾ നടപടികൾ എടുക്കേണ്ടതാണ്.

## 2-10 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല

2015-16 സാമ്പത്തിക വർഷം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തിയതു സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ പരിധിയിലുള്ള താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതായി കാണുന്നു.

1.ആൽഫാബെറ്റ് ഇംഗ്ലീഷ് ക്ലബ്

2.ന്യൂ സോഫ്റ്റ് ഐ.ടി പാർക്ക്

3.വെബ് സ്വകയർ ഐ.ടി അക്കാദമി

4.ബ്രില്യൻസ് കോളേജ്

5.ജി ടെക് കംപ്യൂട്ടർ സെന്റർ

6.IRS കംപ്യൂട്ടർ സെന്റർ

7.ഇൻഡ്യൻ ആർട്സ് കോളേജ്

8.TCLIT കംപ്യൂട്ടർ സെന്റർ

9.കൃഷ്ണ കംപ്യൂട്ടർ സെന്റർ

10 ടെക് വിൻ

11.സൈബർവേ എജ്യൂക്കേഷൻ സെന്റർ

മുൻ ഓഡിറ്റ് റിപ്പോർട്ടിലും മേൽ പറഞ്ഞ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന വിവരം സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തോ, നഗരസഭയോ ഇതുവരെയും അതിൻമേൽ നടപടികൾ എടുത്തിട്ടില്ല. ഈ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭിച്ചില്ല

നിർവ്വഹണം - മെഡിക്കൽ ഓഫീസർ ,ഹോമിയോ

| | |
|---|---|
| പ്രോജക്ട് നമ്പർ | 14/16 |
| പ്രോജക്ട് | ഹോമിയോ മെഡിക്കൽ സെൻ്റർ കുമരനെല്ലൂരിലേക്ക് മരുന്ന് വാങ്ങൽ |
| ബിൽ നമ്പർ | 1)1/15-16,തീ.26/3/16 തുക – 125000/-<br>2)3/15-16,തീ.29/3/16 തുക – 75000/- |
| ഡി.ഡി നമ്പർ | 211881/30.3.16 |

ഹോമിയോ മെഡിക്കൽ സെൻ്റർ കുമരനെല്ലൂരിലേക്ക് മരുന്ന് വാങ്ങുന്നതിനായി 30/3/2016-ൽ ഹോംകോയ്ക്ക് തുക കൈമാറിയെങ്കിലും മാസങ്ങൾക്ക് ശേഷം 3/8/2016-ൽ 100000/-രൂപയും (മെഡിക്കൽ ഓഫീസറുടെ കത്ത് നമ്പർ 15/2016/ ജി.എച്ച്.ഡി), 21/11/16ൽ 100000/- രൂപയും (മെഡിക്കൽ ഓഫീസറുടെ കത്ത് നമ്പർ 24/16/ജി.എച്ച്.ഡി ) മരുന്ന് ലഭിക്കുന്നതിന് ഇൻ്റൻഡ് നല്കിയിട്ടുള്ളത്. നാളിതുവരെ മരുന്ന് ലഭിച്ചിട്ടുമില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 13/16 |
| പ്രോജക്ട് | ജി.എച്ച് .ഡി വടക്കാഞ്ചേരിയിലേക്ക് മരുന്ന് വാങ്ങൽ |
| ബിൽ നമ്പർ | 1)2/15-16,തീ.26/3/16 തുക – 200000/- |
| ഡി.ഡി നമ്പർ | 211832/30.3.16 |

ജി.എച്ച്.ഡി വടക്കാഞ്ചേരിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 30/3/2016 ൽ ഹോംകോയ്ക്ക് തുക കൈമാറിയെങ്കിലും മാസങ്ങൾക്ക് ശേഷം 31/10/16 ലാണ് മെഡിക്കൽ ഓഫീസർ മരുന്ന് ലഭിക്കുന്നതിന് ഇൻ്റഡ് നല്കിയിട്ടുള്ളത്.ആയത് ലഭിച്ചത് 10/12/16 ലും (ഇൻവോയിസ് നമ്പർ എൽ.എഫ്1031).മേൽ രണ്ട് വാങ്ങൽ പ്രക്രിയയിലും മുൻകൂറായി തുക സ്ഥാപനത്തിന് കൈമാറിയിട്ടും മാസങ്ങൾക്ക് ശേഷമാണ് മരുന്ന് ലഭിക്കുന്നതിന് ഇൻ്റഡ് നല്കിയിട്ടുള്ളത്.

മരുന്ന് കുറവ് അനുഭവപ്പെടുന്നമുറയ്ക്ക് ഡി.എം.ഒ ഓഫീസിലെ സ്റ്റോറിൽ നിന്നും ലഭ്യമാക്കാറുണ്ട് ആയതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സം ഉണ്ടാകുന്നില്ലയെന്നാണ് ഓഡിറ്റ് എൻക്വയറി നം.1/26.12.2016 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. മരുന്ന് ലഭിക്കുന്നതിന് മറ്റ് സാധ്യതകൾ നിലനിൽക്കുകയും, ആവശ്യകത കണക്കാക്കാതെയും പദ്ധതിപ്പണം മുൻകൂർ നല്കിയത് പദ്ധതിച്ചെലവ് ഉയർത്തികാണിക്കുന്നതിനുള്ള നടപടി ആയിട്ടാണ് ഓഡിറ്റ് വിലയിരുത്തുന്നത്. പൊതുപ്പണത്തിന്റെ ദുർവിനിയോഗം ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതും ഹോംകോയിൽ നിന്ന് അടിയന്തിരമായി മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- അനർഹർക്ക് അനുവദിച്ചു

നിർവ്വഹണം-അസി .സെക്രട്ടറി(മുണ്ടത്തിക്കോട് മേഖല)

ട്രഷറിബിൽ നം.4/23.3.16,തുക-50000/-

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന മേൽ പ്രൊജക്റ്റിനായി നെസ്റ്റ് സൊല്യൂഷൻസ് ,തൃശ്ശൂരിൽ നിന്നും 2ലാപ് ടോപ് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.ജി.ഒ.(എം.എസ്)362/13ത.സ്വ.ഭ.വ16.11.13, അനുബന്ധം 16.ഖണ്ഡിക2.14പ്രകാരം സർക്കാർ ,അർദ്ധസർക്കാർ എന്നിവയിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ 50000/-രൂപയിൽ കുറവ് വരുമാനമുള്ളവരായി പരിഗണിക്കാൻ സാധിക്കുകയില്ല.ആയതിനു വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താവിന് ലാപ് ടോപ്പ് അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | കുറിപ്പുകൾ |
|---|---|
| ശ്രീഷ്മ.പി.എസ് D/Oശ്രീധരൻ,പടിഞ്ഞാറ്റിൽ | റേഷൻകാർഡ് നം.1842135808 ൽ പിതാവായ ശ്രീധരൻ,പടിഞ്ഞാറ്റിൽ ഗവ.ജീവനക്കാരനാണ് |

മേൽ പ്രകാരം അനർഹർക്ക് അനുവദിച്ച ലാപ് ടോപ്പിന്റെ വിലയായ 25000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഭവനപുനരുദ്ധാരണ സബ്സിഡി - അനർഹർക്ക് അനുവദിച്ചു

നിർവ്വഹണം – അസി. സെക്രട്ടറി (വടക്കാഞ്ചേരി മേഖല)

ട്രഷറിബിൽ നം-7/29.3.16

ജി.ഒ.(എം.എസ്)362/13ത.സ്വ.ഭ.വ16.11.13, അനുബന്ധം 16.ഖണ്ഡിക2.14പ്രകാരം സർക്കാർ ,അർദ്ധസർക്കാർ എന്നിവയിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ 50000/-രൂപയിൽ കുറവ്

വരുമാനമുള്ളതായി പരിഗണിക്കാൻ സാധിക്കുകയില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്.ആയതിനു വിരുദ്ധമായി സർക്കാർ ജീവനക്കാർ ഉൾപ്പെട്ട റേഷൻകാർഡ് ഹാജരാക്കിയ താഴെ പറയുന്ന ഗുണഭോക്താവിന് ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | ഡിഡി നം | തുക | കുറിപ്പുകൾ |
|---|---|---|---|
| കുഞ്ഞൻ.സി.സി, ചങ്ങിണിമാർ | 211711/29.3.16 | 10000 | റേഷൻകാർഡ് നം.1842046984-ൽ മകനായ ഉണ്ണികൃഷ്ണൻ ഗവ.ജീവനക്കാരനാണ് |

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മേൽ പറഞ്ഞ ഗുണഭോക്താവിന് ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അനർഹമായി അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതുമാണ്.

## 3-4 രാജീവ് ഗാന്ധിഭവനനിർമ്മാണം-ആദ്യഗഡു കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.(വടക്കാഞ്ചേരി മേഖല)

രാജീവ് ഗാന്ധി ഭവനനിർമ്മാണ പ്രൊജക്ടിൽ 176 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയതിനുശേഷം നാളിതു വരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല,വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ചെക്ക് നം/ തിയതി |
|---|---|---|
| രാധാമണി,ഓമംഗലത്ത് | 10000 | 120581/21.4.15 |
| കദീജ,പൂവ്വത്തിങ്കൽ | 10000 | 120584/21.4.15 |
| മേരി.കെ.പി,കുന്നത്തുപുത്തൻവീട്ടിൽ | 10000 | 120597/28.4.15 |
| സുലേഖ,ചീരാത്ത് | 10000 | 120625/4.5.15 |
| ആലീസ്,ചെറുവത്തൂർ | 10000 | 120804/18.6.15 |
| ലക്ഷ്മിക്കുട്ടി,കരുപറമ്പിൽ | 10000 | 121021/29.6.15 |
| സുമ മുരളീധരൻ,പണ്ടാരപ്പറമ്പിൽ | 10000 | 120794/15.6.15 |

| | | |
|---|---|---|
| മോഹൻദാസ്, പൊലിയേടത്ത് | 55000 | 00042/7.10.15 |
| ആകെ | 125000/- | |

നാളിതുവരെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത മേൽ ഗുണഭോക്താക്കളിൽ നിന്നും ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക തിരികെ ഈടാക്കുകയോ, നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.3/26.12.16)

## 3-5 രാജീവ് ഗാന്ധി ഭവനനിർമ്മാണം-പരിധിയിൽ കുറഞ്ഞ തറവിസ്തീർണ്ണത്തിൽ ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താവിന് സബ്സിഡി തുക അനുവദിച്ചു.(മുണ്ടത്തിക്കോട് മേഖല)

ജി.ഒ.(എം.എസ്)362/13 ത.സ്വ.ഭ.വ തിയതി.16.11.13 പ്രകാരം ധനസഹായം അനുവദിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് 30m2നും 66m2നും ഇടയിൽ തറവിസ്തീർണ്ണം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ രാജീവ് ഗാന്ധി ഭവനനിർമ്മാണ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി.ദീപ, കരുവാൻവീട്ടിൽ എന്നവർക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. (a/c no.67322816062)

| തിയതി | തുക |
|---|---|
| 422109/7.9.15 | 60000 |
| 8.2.16 | 45000 |
| 31.3.16 | 30000 |
| 31.3.16 | 15000 |
| | 150000/- |

മേൽ ഗുണഭോക്താവിന്റെ ഭവനത്തിന് 4/8/16ൽ വസ്തുനികുതി നിർണ്ണയം നടത്തുകയും XVIII/446B എന്ന നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്,വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 28.50M2 ആണ്.ഇപ്രകാരം കുറഞ്ഞ തറവിസ്തീർണ്ണത്തിൽ ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താവിന് സബ്സിഡി തുക പൂർണ്ണമായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി നം.20/26.12.16). ഭവന നിർമ്മാണ സബ്സിഡി അനുവദിച്ച ഗുണഭോക്താക്കളുടെ ഫയലുകളിൽ ഓരോ സ്റ്റേജ് സർട്ടിഫിക്കറ്റുമായും ബന്ധപ്പെട്ട ഫോട്ടോകൾ ഒന്നും തന്നെ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ നിർമ്മിച്ച വീടുകളുടെ തറവിസ്തീർണ്ണം സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.

സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ഭവനനിർമ്മാണം നടപ്പിലാക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി ധനസഹായം അനുവദിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-6 ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല(മുണ്ടത്തിക്കോട് & വടക്കാഞ്ചേരി മേഖല)

രാജീവ് ഗാന്ധി ഭവനനിർമ്മാണ പദ്ധതിയിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി തുകകൾ കൈപ്പറ്റി നാളിതു വരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.(ആകെ തുക-1,50000/-)

| | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | അവസാനഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| | മുണ്ടത്തിക്കോട് മേഖല | | |
| 1 | ശാന്ത രാജൻ,ഇരിപ്പംകുന്നത്ത് | 105000/- | 3.3.16 |
| 2 | കൗസല്യ സുബ്രഹ്മണ്യൻ,മൂത്തേടത്ത് | 135000/- | 16.10.15 |
| 3 | ബിന്ദു ശ്രീജിത്,മുണ്ടത്ര | 60000/- | 29.2.16(ആദ്യഗഡു) |
| 4 | സൗമ്യഉദയൻ,ഇല്ലിക്കോട്ടിൽ | 105000/- | 14.3.16 |
| 5 | രമണി ഹരിദാസൻ,വെള്ളത്തിരുത്തി | 135000/- | 31.3.16 |
| 6 | ഗീത സുബ്രഹ്മണ്യൻ,ആശാരി | 135000/- | 14.3.16 |
| | വടക്കാഞ്ചേരി മേഖല | | |
| 7 | ശാന്ത.പി.കെ ,പനയ്ക്കൽ | 55000 | 2.7.15 |
| 8 | ജമീല,ആറ്റുപുറം | 55000 | 12.5.15 |
| 9 | ഫാത്തിമ ഇബ്രാഹിം | 55000 | 23.9.16 |
| 10 | സഫിയ സുലൈമാൻ,തരുപീടികയിൽ | 55000 | 19.10.15 |
| 11 | വിജയലക്ഷ്മി രാജൻ,ചെട്ടിക്കുന്ന് | 55000 | 28.1.16 |

ക്രമനം.3ലെ ഗുണഭോക്താവായ ശ്രീമതി.ബിന്ദു ശ്രീജിതിൽ നിന്നും ഭവനനിർമ്മാണം ആരംഭിക്കാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.മറ്റു ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 തറവിസ്തൃതി അധികരിച്ച് പൂർത്തീകരിച്ച ഭവനത്തിന് ധനസഹായം പൂർണ്ണമായി അനുവദിച്ചു

2015-16സാമ്പത്തികവർഷം വടക്കാഞ്ചേരി മേഖല രാജീവ് ഗാന്ധിഭവനനിർമ്മാണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി ധനസഹായം പൂർണ്ണമായി കൈപ്പറ്റിയിട്ടുണ്ട്. (1,50000/-)

| ഗുണഭോക്താവ് | കെട്ടിടനം | തറവിസ്തീർണ്ണം | വസ്തുനികുതി നിർണ്ണയിച്ച തിയതി | അവസാനഗഡു അനുവദിച്ച തിയതി |
|---|---|---|---|---|
| ബാബുരാജൻ,തോപ്പിൽ ഹൗസ്, കുമ്പളങ്ങാട് | XIX/252A | 93.75M2 | 4.6.16 | 31.3.16 |
| ഫാത്തിമ, ആനക്കോട്ടിൽ ഹൗസ്, അകമല | V/200A | 97.87M2 | 21.4.16 | 28.10.15 |

ജി.ഒ(എം.എസ്)362/13തിയതി.16.11.13 പ്രകാരം സർക്കാർ ധനസഹായത്തോടെ നിർമ്മിക്കാവുന്ന വീടിന്റെ തറവിസ്തീർണ്ണം 30m2 നം 60m2നം ഇടയിലായിരിക്കണം. സർക്കാർ ഉത്തരവുകൾക്കു വിധേയമായി 66m2തറവിസ്തീർണ്ണത്തിൽ 25%വർദ്ധനവ് വരുത്തിയാൽ പോലും പ്രസ്തുത കെട്ടിടങ്ങളുടെ തറവിസ്തൃതി വളരെ കൂടുതലാണെന്ന കാണുന്നു.(ഓഡിറ്റ് എൻക്വയറി നം.4/26.12.16)

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അവസാനഗഡു നൽകുമ്പോൾ നിയമാനുസൃത പരിധിയിൽ ഉള്ള വീടുകളാണെന്ന് നേരിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത മറുപടി തൃപ്തികരമല്ല.

അഡ്വാൻസ് തുക കൈപ്പറ്റി തറപ്പണി തുടങ്ങി രണ്ടാം ഗഡു അനുവദിക്കേണ്ട സമയത്ത് തന്നെ തറവിസ്തൃതി അധികരിച്ചതായി കാണുന്ന വീടുകളെ പ്രസ്തുത പ്രൊജക്ടിൽ നിന്ന് ഒഴിവാക്കേണ്ടതായിരുന്നു. നിയമാനുസൃത തറവിസ്തീർണ്ണത്തിൽ അധികരിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അനുവദിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-8 ഭവനം-സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശപ്രകാരം കരാർ രജിസ്റ്റർ ചെയ്തിട്ടില്ല(മുണ്ടത്തിക്കോട് മേഖല)

രാജീവ് ഗാന്ധി ഭവനനിർമ്മാണ ഗുണഭോക്താക്കളായ താഴെ പറയുന്നവർ ഭവനനിർമ്മാണം പൂർത്തീകരിച്ചെങ്കിലും ജി.ഒ.(എം.എസ്) 362/13ത.സ്വ.ഭ.വ തിയതി.16.11.13 സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിർമ്മിക്കുന്ന വീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നുള്ളതിന് നഗരസഭാ സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

| ഗുണഭോക്താവ് | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|
| സിനി ജയപ്രകാശ്,എടക്കാട്ടുവളപ്പിൽ | 25.1.16 |
| അമ്പിളിഗിരീഷ്,പുലിക്കുന്നത്ത് | 8.3.16 |

മേൽ ഗുണഭോക്താക്കൾ കരാർ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റു ഗുണഭോക്താക്കളുടെ ഫയൽ പരിശോധനാവിധേയമാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഐ.എ.വൈ അധികധനസഹായം - ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല-ബ്ലോക്ക് പഞ്ചായത്ത് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി.

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഐ.എ.വൈ അധികവിഹിതം പ്രൊജക്ടിൽ (s199/16) 19 പട്ടികജാതി ഗുണഭോക്താക്കൾക്കുള്ള അധികവിഹിതമായി 20000/-രൂപ വീതം 3,80000/-രൂപ ഡിഡി.നം.211332/28.3.16 പ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചിരുന്നു.മേൽ തുക മുഴുവൻ വിനിയോഗിച്ചതായി 1/10/16ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിനിയോഗസാക്ഷ്യപത്രം അനുവദിച്ചിട്ടുണ്ട്.എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. (ഗ്രാമപഞ്ചായത്ത് വി.ഇ.ഒ യുടെ ഐ.എ.വൈ രജിസ്റ്റർ പ്രകാരം)

എ)നിഷ,കൊടയ്ക്കാടത്ത്

ബി)തങ്കമ്മ വേലായുധൻ,പുഞ്ചയിൽ

സി)ശോഭന കുഞ്ഞുണ്ണി, വാരിയത്ത് വളപ്പിൽ

ഡി)തങ്കം മോഹനൻ,ചേറ്റുവളപ്പിൽ

മേൽപറഞ്ഞ ഗുണഭോക്താക്കൾ 2016-17 സാമ്പത്തികവർഷത്തിലും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.മേൽപറഞ്ഞ ഗുണഭോക്താക്കൾക്കു പകരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട മറ്റു ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട് എങ്കിൽ പ്രസ്തുത വിവരം അറിയിക്കേണ്ടതും,അല്ലാത്ത പക്ഷം മേൽപറഞ്ഞ ഗുണഭോക്താക്കൾക്കായി അനുവദിച്ച 80000/-രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-10 വി,ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ-രേഖകൾ ഹാജരാക്കിയിട്ടില്ല

വടക്കാഞ്ചേരി നഗരസഭയിലെ മുണ്ടത്തിക്കോട് മേഖലാ കാര്യാലയത്തിൽ 1.11.15മുതൽ 31.3.16വരെ പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയ വി..ഇ.ഒ രേഖകൾ ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി.നം.24/31.12.16),വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം | പേര് | ചെലവുതുക |
|---|---|---|
| 36/16 | ജനറൽ ഭവനപുനരുദ്ധാരണം | 600000 |
| 43/16 | ഐ.എ.വൈ ഭവനനിർമ്മാണം | 3,20000 |
| | | 9,20000 |

രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# 3-11 കന്നുകുട്ടി പരിപാലനം-പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.(മുണ്ടത്തിക്കോട് മേഖല)

നിർവ്വഹണം-വെറ്ററിനറി സർജൻ,മുണ്ടത്തിക്കോട് മേഖല

പ്രൊജക്ട് നം-10/16

ട്രഷറി ബിൽ നം-s3/15-16 dt 23.3.16

തുക-2,50000/-

കന്നുകുട്ടി പരിപാലന പ്രൊജക്ടിൽ 40ഗുണഭോക്താക്കൾക്കുള്ള ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി മേൽ പ്രകാരം പിൻവലിച്ച തുക ഡിഡി നം.211194/23.3.16 പ്രകാരം എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടർക്ക് നൽകിയിട്ടുണ്ട്.തുകയുടെ കൈപ്പററ് രസീതി,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.ആയതു വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

# 3-12 കന്നുകുട്ടി പരിപാലനം-പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.(വടക്കാഞ്ചേരി മേഖല)

നിർവ്വഹണം-വെറ്ററിനറി സർജൻ

പ്രൊജക്ട് നം-10/16

ട്രഷറി ബിൽ നം-m1/15-16 dt 21.3.16

തുക-312500/-

കന്നുകുട്ടി പരിപാലന പ്രൊജക്ടിൽ 50ഗുണഭോക്താക്കൾക്കുള്ള ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി മേൽ പ്രകാരം പിൻവലിച്ച തുക ഡിഡി നം.211154/22.3.16 പ്രകാരം എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

കാലിത്തീറ്റ വിതരണം മാരാത്തകുന്ന് ക്ഷീരസഹകരണസംഘം മുഖേന 4/16മുതൽ ആരംഭിച്ചിട്ടുണ്ട്.എന്നാൽ കാലിത്തീറ്റ വിതരണം കേരള ഫീഡ്സിൽ ഉണ്ടായ സമരം മൂലം ഇടവിട്ട മാസങ്ങളിൽ ആണ് നടത്തിവരുന്നത്.

ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

മറ്റു നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്താവ് കാലിത്തീറ്റ നാളിതു വരെ കൈപ്പറ്റിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.8.15ലെ തീരുമാനം 1(a) പ്രകാരം ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചതിൽ ഉൾപ്പെട്ട രതി ഗിരീശൻ,ശാന്തിഭവൻ എന്ന ഗുണഭോക്താവ് നാളിതുവരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല.മേൽ ഗുണഭോക്താവിന് എസ്.എൽ.ബി.പിയിൽ അടവാക്കിയ ഗ്രാമപഞ്ചായത്ത് വിഹിതം 6250/-രൂപ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്കുള്ള വിഹിതം തിരികെ ഈടാക്കേണ്ടതാണ്.

2016 ജൂലായ് മാസത്തിനു ശേഷം ഒക്ടോബറിലും, ഡിസംബറിലും ആണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ 2016 ജൂലായ് മാസത്തിനു ശേഷം കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല.

എ)കദീജ,വടഗിരി

ബി)ഷീന,ചിറ്റിലപ്പിള്ളി

സി)നളിനി കോട്ടയിൽ

ഡി)ഷാമില,കുണ്ടുവളപ്പിൽ

മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയിട്ടുണ്ടെങ്കിൽ എസ്.എൽ.ബി.പിയിൽ ഓരോരുത്തർക്കും വേണ്ടി അടവാക്കിയ ഗ്രാമപഞ്ചായത്ത് വിഹിതം 6250/-രൂപയിൽ കൈപ്പറ്റിയ കാലിത്തീറ്റയുടെ സബ്സിഡി തുക കഴിച്ച് ബാക്കി തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവുതുക 312500/-തടസ്സപ്പെടുത്തുന്നു.

## 3-13 അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി-അപാകതകൾ(വടക്കാഞ്ചേരി മേഖല)

നിർവ്വഹണോദ്യോഗസ്ഥ- എച്ച്.എം.ജി.എൽ.പി.എസ്,വടക്കാഞ്ചേരി

പ്രൊജക്ട് നം-s93/16(സ്പിൽ ഓവർ)

ചെലവുതുക-43105/-(തനതു ഫണ്ട്)

അതുല്യം നാലാംതരം തുല്യതാ പരിപാടിക്കായി തനതുഫണ്ടിൽ നിന്നും ചെക്ക് നം.0440807/17.3.16 പ്രകാരം 43105/- രൂപ സാക്ഷരത പ്രേരകായ ശ്രീമതി.ഷൈലജ ഉണ്ണികൃഷ്ണന് അനുവദിച്ചിട്ടുണ്ട്.ജനവരി 2015മുതൽ മെയ്2015വരെയുള്ള നാലാംതരം തുല്യതാ പഠിതാക്കളുടെ അറ്റൻഡൻസും ചെലവു രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

ചെലവുകൾ

| ഇനം | തുക |
|---|---|
| പ്രേരക് ഹോണറേറിയം | 4000 |
| റിസോഴ്സ് പേഴ്സൺ ഹോണറേറിയം | 4000 |
| ഇൻസ്ട്രക്ടർ ഹോണറേറിയം | 4750x4=19000 |
| ഫ്ലക്സ് | 505 |
| ഭക്ഷണം | 3000 |
| കണ്ണട | 12000 |
| വണ്ടിവാടക | 600 |
| | 43105 |

1.അതുല്യം പരിപാടി മാർഗ്ഗരേഖ(അതുല്യം കൈപ്പുസ്തകം) പ്രകാരം അതുല്യം ഇൻസ്ട്രക്ടർമാർക്ക് പ്രതിമാസം 1000/-രൂപ വീതം 4മാസത്തേക്ക് 4000/-രൂപയാണ് ഹോണറേറിയത്തിന് അർഹത.ആയതിനു പകരം ഒരാൾക്ക് 4750/-രൂപയാണ് അനുവദിച്ചിട്ടുള്ളത്.അധികമായി അനുവദിച്ച 3000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

2.ജോൺസൺ ഒപ്റ്റിക്കൽസ് ,വടക്കാഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.439/7.5.15 പ്രകാരം550/-രൂപയുടെ 34കണ്ണടകൾ 18000/- രൂപയ്ക്കും , ഇൻവോയ്സ്

നം.443/7.5.15 പ്രകാരം 400/-രൂപയുടെ 30 കണ്ണടകൾ 12000/-രൂപയും ഉൾപ്പെടെ 64കണ്ണടകൾ 30000/-രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല.

64 പഠിതാക്കളും കണ്ണട കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ചെലവുവിവരം ഹാജരാക്കിയതിൽ 12000/-രൂപ മാത്രമാണ് കണ്ണടയ്ക്ക് വിനിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്.ബാക്കി തുക എപ്രകാരം സ്ഥാപനത്തിന് ലഭ്യമാക്കി എന്ന വിവരം ലഭ്യമല്ല.

പഠിതാക്കൾ കണ്ണ് പരിശോധന നടത്തിയതിന്റെ വിവരമോ, ഡോക്ടർ ഓരോരുത്തർക്കും അനുയോജ്യമായ കണ്ണട നിർദ്ദേശിച്ചതിന്റെ വിവരമോ ഫയലിൽ ഇല്ല. ആയത് ഹാജരാക്കേണ്ടതാണ്.

3.കണ്ണടയ്ക്ക് സംഭാവന ഇനത്തിൽ വടക്കാഞ്ചേരി സർവ്വീസ് സഹകരണബാങ്കിൽ നിന്നും 1000/-രൂപയും, വടക്കാഞ്ചേരി ബ്ലോക്ക് വിവിധോദ്ദേശ സഹകരണസംഘത്തിൽ നിന്നും 5000/-രൂപയും 4/5/15ൽ ലഭിച്ചിട്ടുണ്ട്.ആയതിന്റെ വിനിയോഗ വിവരം ലഭ്യമല്ല.

4.അതുല്യം പദ്ധതി പ്രകാരം ചായ,ലഘുഭക്ഷണം എന്നിവ സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ ശ്രമിയ്ക്കേണ്ടതാണ്.ആയതിനു പകരം തിയതി രേഖപ്പെടുത്താത്ത മദ്രാസ് ഹോട്ടൽ,വടക്കാഞ്ചേരിയുടെ 3060/-രൂപയ്ക്കുള്ള ബില്ലിൽ 170പേർക്കുള്ള ചായ,ലഘുഭക്ഷണം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.അതുല്യം പഠിതാക്കളുടെ ആകെ എണ്ണം 64 ആണെന്നിരിക്കെ 170പേർക്കുള്ള ഈ ബിൽ ഏതു പരിപാടിയുടെതെന്ന് വ്യക്തമല്ല.

5.വടക്കാഞ്ചേരിയിൽ നിന്നും അയ്യന്തോൾ വരെയുള്ള KL7-AV1972എന്ന വണ്ടിയുടെ തീയതി രേഖപ്പെടുത്താത്ത ട്രിപ്ഷീറ്റ് ഫയലിൽ ഉണ്ട്.മേൽപ്രകാരം 600/-രൂപ ചെലവായി കാണിച്ചിട്ടുണ്ട്.എന്നാൽ ഡ്രൈവറുടെ പേരോ മറ്റു വിവരങ്ങളോ ലഭ്യമല്ല. തുക ആർക്ക് നൽകിയെന്നതിനും കൈപ്പറ്റ് രസീതി ഇല്ല

മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 43105/-രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.28/7.1.17)

## 3-14 നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടത് സംബന്ധിച്ച്

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിൽ നോൺ ബാങ്കിംഗ് ട്രഷറിയായതിനാൽ നിർവ്വഹണോദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നു.എന്നാൽ മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് വടക്കാഞ്ചേരി നഗരസഭയിൽ സംയോജിച്ചതിനാൽ ബാങ്കിംഗ് ട്രഷറി സേവനം ലഭ്യമാകുകയും അക്കൗണ്ടുകൾ ഇല്ലാതെ തന്നെ ബാങ്കിംഗ് നടത്താവുന്നതുമാണ്. ആയതു പ്രകാരം മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അക്കൗണ്ട് നം | തുക |
|---|---|---|
| കൃഷി ഭവൻ, | 33468348065 | 6839 |

| | | |
|---|---|---|
| മുണ്ടത്തിക്കോട് | | |
| പ്രാഥമികാരോഗ്യകേന്ദ്രം, മുണ്ടത്തിക്കോട് | 67236349296 | പാസ്ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല |
| ഐ.സി.ഡി.എസ്, മുണ്ടത്തിക്കോട് | 67250746307 | 969 |
| വെറ്ററിനറി സർജൻ | 33522061066 | 973 |
| വി.ഇ.ഒ | 67256823684 | 10229 |

മേൽപ്പറഞ്ഞ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-15 എസ്.സി/എസ്.ടിവിദ്യാർത്ഥികൾക്ക് ഫർണിച്ചർ(പ്രൊ.നം.s37/16) വാങ്ങി നൽകൽ- മാർഗ്ഗ രേഖ പാലിച്ചില്ല.

നിർവ്വഹണം-അസി.സെക്രട്ടറി (വടക്കാഞ്ചേരി മേഖലാ കാര്യാലയം)

ചെലവുതുക-173140/-(ട്രഷറിബിൽനം-2/23.3.16)

മേൽ പ്രൊജക്ടിന്റെ ഭാഗമായി 44 വിദ്യാർത്ഥികൾക്ക് മേശയും കസേരയും റൈഡേഴ്സ് ഏജൻസീസ്,പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. (ഡിഡി.നം211344/29.3.16 തുക-173140/-).

ജി.ഒ.(എം.എസ്.362/13 ത.സ്വ.ഭ.വ തിയതി.16.11.13 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.8(3) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം )വാങ്ങിനൽകുന്നതിന് 4000/-രൂപ നൽകാവുന്നതാണ്.

ആയതനുസരിച്ച് നടപ്പിലാക്കിയ ഈ പദ്ധതിയിൽ മേൽനിർദ്ദേശത്തിനു വിരുദ്ധമായി വിദ്യാർത്ഥികൾക്ക് പ്ലാസ്റ്റിക് കസേരകളാണ് വാങ്ങി നൽകിയിരിക്കുന്നത്.(Nilkamal Arm chair model 2061).

സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശത്തിനു വിരുദ്ധമായി നടപ്പാക്കിയതിനാൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതു വരെ ചെലവു തുക 171340/- തടസ്സപ്പെടുത്തുന്നു.

## 3-16 തൊഴിൽ രഹിതവേതനം -അനർഹമായ കാലയളവിലേക്ക് അനുവദിച്ചു

തൊഴിൽരഹിത വേതന വിതരണ രജിസ്റ്റർ പ്രകാരം റോൾ നം.361 ആയ സുരേഷ്.വി.എ, വാരിയത്തുവളപ്പിൽ, മാരാത്തകുന്ന് എന്നവരുടെ ജനനതിയതി 11.12.1978 ആണ്.ആയതു പ്രകാരം തൊഴിൽരഹിതവേതനം അനുവദിക്കാവുന്ന കാലയളവ് 12/2013വരെയാണ്.ആയതിനു പകരം 7.9.16 ൽ വിതരണം ചെയ്തതിൽ വേതനം 7/2014 വരെ അനുവദിച്ചതായി കാണുന്നു.അനർഹമായ കാലയളവിലേക്ക് അനുവദിച്ച തുക 840/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-17 വാട്ടർ അതോറിറ്റി-ഭീമമായ കുടിശ്ശിക-സംയുക്ത പരിശോധന അനിവാര്യം

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് അനുസരിച്ച് 386പൊതു ടാപ്പുകൾ നിലവിലുള്ളതായി കണക്കാക്കി 168875/-രൂപ പ്രതിമാസം വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും, ആയതിനു ശേഷം നഗരസഭയിൽ നിന്നും അടവാക്കി വരുന്നുണ്ട്.പ്രസ്തുത ഡിമാന്റ് നോട്ടീസ് പ്രകാരം ഫെബ്രുവരി 2016ലെ കുടിശ്ശിക 63,74307 രൂപയും 2%പിഴ 125034/-രൂപയും, തൻമാസ ഡിമാന്റ് 168875/-രൂപയും ഉൾപ്പെടെ 66,68216/-രൂപയാണ്.

വടക്കാഞ്ചേരി നഗരസഭയുടെ 18.12.15ലെ 1(7) നമ്പർ തീരുമാനപ്രകാരം തെരുവു വിളക്കുകളുടെയും,പൊതു ടാപ്പുകളുടെയും കണക്കുകൾ ഓരോ ഡിവിഷൻ തിരിച്ച് അതാത് കൗൺസിലർമാർ മുഖേന എടുക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ മേൽ തീരുമാനം നാളിതുവരെ നടപ്പിലാക്കിയിട്ടില്ല.

പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ നീക്കം ചെയ്ത് പ്രവർത്തനക്ഷമമായവയ്ക്ക് മാത്രം വെള്ളക്കരം അടവാക്കുന്നു എന്നുറപ്പു വരുത്താൻ സംയുക്ത പരിശോധന അനിവാര്യമാണ്. കൂടാതെ കുടിശ്ശികയിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന സാഹചര്യത്തിൽ ആയതിന്റെ കൃത്യത ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-18 ജനറേറ്റർ ലോഗ്ബുക്ക് സൂക്ഷിച്ചിട്ടില്ല

2013 -14 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ വാങ്ങിയ ജനറേറ്ററിനായി 3.6.13 മുതൽ വാങ്ങിയ പെട്രോളിന്റെ അളവ് രേഖപ്പെടുത്തുന്ന ഫ്യൂവൽ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ ജനറേറ്ററിന് നാളിതു വരെ ലോഗ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

1.11.15 മുതൽ 31.3.16 വരെ വാങ്ങിയ പെട്രോളിന്റെ അളവ് താഴെ കൊടുക്കുന്നു

| ബിൽ നം/തിയതി | അളവ്(ലിറ്ററിൽ) |
|---|---|
| 68308/3.11.15 | 12.600 |
| 68622/26.11.15 | 12.392 |
| 69585/5.2.16 | 10.068 |
| 69668/11.2.16 | 8.621 |
| 69780/18.2.16 | 15.59 |

| | |
|---|---|
| 69961/29.2.16 | 10.93 |

ജനറേറ്ററിന്റെ ഇന്ധനക്ഷമത സംബന്ധിച്ച വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-19 ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -എ.ഡി.എസ് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് സംബന്ധിച്ച്

വടക്കാഞ്ചേരി,മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തുകൾ സംയോജിച്ച് 1.11.15 മുതൽ വടക്കാഞ്ചേരി നഗരസഭ രൂപീകരിച്ച സാഹചര്യത്തിൽ രണ്ടു ഗ്രാമപഞ്ചായത്തുകളിലെയും തൊഴിലുറപ്പ് പദ്ധതി 1.11.15 മുതൽ നിർത്തലാക്കുകയും 31.10.15 വരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ പേയ്മെന്റ് 31.3.16 വരെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം ഇരു ഗ്രാമപഞ്ചായത്തുകളുടെയും തൊഴിലുപകരണങ്ങളുടെ വാടകയിനത്തിലുള്ള തുക എ.ഡി.എസിന് കൈമാറിയിട്ടുണ്ട്.

ഇരു ഗ്രാമപഞ്ചായത്തുകളിലെയും എ.ഡി.എസ് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

<u>വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്</u>

| വാർഡ് | അക്കൗണ്ട്.നം. | തുക (നാളിതുവരെയുള്ള നീക്കിയിരിപ്പ്) |
|---|---|---|
| 1 | 0723101058834 | 28332(30.4.16) |
| 2 | 0723101059279 | 1398(30.4.16) |
| 3 | ഹാജരാക്കിയില്ല | |
| 4 | 0723101059419 | 1578(30.4.16) |
| 5 | 0723101064847 | 3567(31.10.16) |
| 6 | 0723101059626 | 16253(27.10.15) |
| 7 | 3805 | 7157(4.11.15) |
| 8 | 0723101064840 | 625(31.10.15) |
| 9 | 59889 | 8114(30.4.16) |
| 10 | ADS ഇല്ല | |
| 11 | ADSഇല്ല | |

| | | |
|---|---|---|
| 12 | 32418473353 | 312(2.7.15) |
| 13 | ഹാജരാക്കിയില്ല | |
| 14 | 0723108059366 | 23442(29.12.16) |
| 15 | 0723101059113 | 14337(12.12.16) |
| 16 | 0723101060008 | 162(9.9.15) |
| 17 | 67327619445 | 18006(4.7.15) |
| 18 | 0723101064841 | 1068(2.6.16) |
| 19 | 0723101060227 | 5600(28.3.16) |
| | | |

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത്

| വാർഡ് | അക്കൗണ്ട്നം | തുക(നാളിതുവരെയുള്ള നീക്കിയിരിപ്പ് |
|---|---|---|
| 1 | 4627 | 487(3.7.15) |
| | 67340271089 | 13386(25.7.16) |
| 2 | 4576 | 14766(3.12.15) |
| | 67327901292 | 8158(25.12.16) |
| 3 | 4821 | 197 (24.2.15) |
| | 67344006425 | 11655(25.7.16) |
| 4 | 4575 | 24407(1.7.16) |
| | 67343859884 | 8190(27.4.16) |
| 5 | PSD 158 | 7892(30.9.16) |
| | 67340270494 | 5902 (25.12.16) |
| 6 | | |
| | | |
| 7 | ഹാജരാക്കിയില്ല | |
| | 67343944838 | 2017 (25.12.16) |
| 8 | PSD156 | 63/-(1.8.16) |
| | 67333240517 | 2116/-(25.12.16) |
| 9 | ഹാജരാക്കിയില്ല | |
| | 67339896323 | 9489/-(25.12.16) |
| 10 | ഹാജരാക്കിയില്ല | |

| | | |
|---|---|---|
| | 67344648840 | 1043/-(25.12.16) |
| 11 | PSD 117 | 0 |
| | New a/c nil | |
| 12 | ഹാജരാക്കിയില്ല | |
| | 67330592492 | 2628/-(25.12.16) |
| 13 | PSD 32 | 4623/-(1.7.15) |
| | 67342191816 | 4078/-(25.12.16) |
| 14 | PSD70 | 6093/-(22.6.15) |
| | 6733991568 | 1860/-(30.6.16) |
| 15 | 4822 | 681/-(10.4.15) |
| | 67340270788 | 11409/-(20.9.16) |
| 16 | 4598 | 6187/-(30.9.16) |
| | 67327901452 | 5583/-(27.4.16) |
| 17 | 6284 | 661/-(24.7.15) |
| | 67326354931 | 8081/-(25.12.16) |
| 18 | ഹാജരാക്കിയില്ല | |

തൊഴിലുപകരണങ്ങളുടെ വാടകയിനത്തിൽ എ.ഡി.എസ്.ന് ലഭ്യമാക്കിയ മേൽ തുകകൾ തൊഴിലുറപ്പ് പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായി വിനിയോഗിക്കാൻ സാധ്യമല്ല. ആയതിനാൽ മേൽ ഫണ്ട് ലഭ്യമാക്കിയ സ്ഥാപനത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് അക്കൗണ്ടുകളിൽ മുതനിക്ഷേപമായി കിടക്കുന്ന ഫണ്ട് വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-20 നഗരസഭ-സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ട ലൈബ്രറിസെസ് അടവാക്കിയിട്ടില്ല.

സർക്കുലർ നമ്പർ 10098/എൽ3/05/ത.സ്വ.ഭ.വ 20.9.2005 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറിസെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം,ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്.

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 1.4.15 മുതൽ 31.10.15വരെ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത 119652/- രൂപ 2.12.16ൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് അടവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നഗരസഭയായി മാറിയ 1.11.15 മുതൽ 31.3.16

വരെയുള്ള കാലയളവിൽ പിരിച്ചെടുത്ത തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് നാളിതുവരെ അടവാക്കിയിട്ടില്ല.

മേൽ സർക്കുലർ പ്രകാരം തുക അടവാക്കുന്നതിൽ വീഴ്ച്ച വരുത്തിയാൽ അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമായി രിക്കും.ആയതിനാൽ തുക അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 കോൺട്രിബ്യൂട്ടറി പെൻഷൻ-ശമ്പളത്തിൽ നിന്നും പിടിച്ച തുക പെൻഷൻ അക്കൗണ്ടിൽ അടവാക്കുന്നില്ല.

വടക്കാഞ്ചേരി നഗരസഭയിലെ ജീവനക്കാരായ ശ്രീ. ജോളി ലോറൻസ്(എൽ.ഡി.സി) 18.9.15ലും, ശ്രീമതി.പ്രസീദ.ടി.എസ്.(എൽ.ഡി.സി) 16.9.15 ലും നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

പ്രസ്തുത ജീവനക്കാരിൽ നിന്നും പ്രതിമാസം പെൻഷൻ അക്കൗണ്ടിൽ അടവാക്കുന്നതിനായി ശമ്പളത്തിൽ നിന്നും പിടിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| മാസം | ശ്രീ,ജോളി ലോറൻസ്(എൽ.ഡി.സി) | ശ്രീമതി.പ്രസീദ.ടി.എസ്. |
|---|---|---|
| സെപ്റ്റംബർ 2015 | 801 | 924 |
| ഒക്ടോബർ2015 | 1849 | 1849 |
| നവംബർ 2015 | 1849 | 1849 |
| ഡിസംബർ 2015 | 1909 | 1909 |
| ജനുവരി 2016 | 1909 | 1909 |
| ഫെബ്രുവരി2016 | 2014 | 2014 |
| മാർച്ച് 2016 | 2014 | 2014 |
| ഏപ്രിൽ 2016 | 2014 | 2014 |
| മെയ് 2016 | 2071 | 2071 |
| ജൂൺ 2016 | 2071 | 2071 |
| ജൂലായ് 2016 | 2071 | 2071 |
| ആഗസ്റ്റ് 2016 | 2071 | 2071 |
| സെപ്റ്റംബർ 2016 | 2126 | 2126 |
| ഒക്ടോബർ 2016 | 2126 | 2126 |

| | | |
|---|---|---|
| നവംബർ 2016 | 2126 | 2126 |
| | 29021 | 29144 |

പ്രസ്തുത ജീവനക്കാർ മറ്റു വകുപ്പുകളിൽ നിന്നും വന്നവരായതിനാൽ പഞ്ചായത്ത് ഡയറക്ടറേറ്റിനു കീഴിലേക്ക് മാറ്റുന്ന പ്രക്രിയ നടത്താൻ സാധിച്ചിട്ടില്ല എന്ന് എൻക്വയറിക്ക് മറുപടിയായി അറിയിച്ചു.(എൻക്വയറിനം.19/31.12.16).

നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 29.5.15ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.രമാദേവി.കെ യിൽ നിന്നും നാളിതുവരെ പെൻഷൻ അക്കൗണ്ടിൽ അടവാക്കുന്നതിന് ശമ്പളത്തിൽ നിന്നും തുകയൊന്നും പിടിച്ചിട്ടില്ല.രമാദേവി.കെ യ്ക്ക് PRANനമ്പർ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.4.13മുതൽ നാഷണൽ പെൻഷൻ സിസ്റ്റം നിലവിൽവന്ന സാഹചര്യത്തിൽ മേൽപറഞ്ഞ ജീവനക്കാരുടെ പെൻഷൻ അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 സമഗ്രക്ഷീരവികസനം-അധികമായി അനുവദിച്ച സബ്സിഡി തിരികെ അടച്ചു(ഓഡിറ്റ് ഇംപാക്ട്)

ജി.ഒ.(എം.എസ്.)362/13 തിയതി.16.11.13 മൃഗ സംരക്ഷണം, ക്ഷീര വികസനം സംബന്ധിച്ച സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ പ്രകാരം അത്രയും തുകയ്ക്കുള്ള കാലിത്തീറ്റ ഓരോ മാസവും നൽകാവുന്നതാണ്. ജി.ഒ.(ആർ.ടി.)1102/14 ത.സ്വ.ഭ.വ. 8.5.14 പ്രകാരം ഒരു വർഷത്തേക്ക് നൽകാവുന്ന പരമാവധി കാലിത്തീറ്റ സബ്സിഡി 14000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി ശ്രീ.ഗോപാലകൃഷ്ണൻ, നമ്പ്രത്ത് എന്നവർക്ക് സബ്സിഡി ഇനത്തിൽ 15186/- രൂപ അനുവദിച്ചു. (അധികം 1186/-)

കൂടാതെ കുമരനെല്ലൂർ ക്ഷീരസഹകരണസംഘത്തിൽ ഉൾപ്പെട്ട ഫാത്തിമ, കോഴിത്തറയിൽ 2015 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ 2010/- രൂപയ്ക്കുള്ള പാൽ അളന്നതിന് 10894/- രൂപയ്ക്ക് കാലിത്തീറ്റ സബ്സിഡി അനുവദിച്ചിട്ടുണ്ട്. (അധികം – 8884/-)

ഇപ്രകാരം അധികമായി അനുവദിച്ച സബ്സിഡി ഓഡിറ്റ് എൻക്വയറി 5/ 26.12.16 നൽകിയതിനെ തുടർന്ന് ട്രഷറി ചലാൻ 297/31.12.16, (തുക-8884/-), 299/31.12.16 (തുക-1186/-) എന്നിവ പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരച്ചടവാക്കി.

## 3-23 ആധുനികഅറവുശാല 5വർഷം കഴിഞ്ഞിട്ടും യാഥാർത്ഥ്യമായില്ല

വടക്കാഞ്ചേരി പഞ്ചായത്ത് പ്രദേശത്ത് ഒരു ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 7.2.11 ലെ ജെ5-3969/2011 ാം നമ്പർ കത്ത് പ്രകാരം 20 ലക്ഷം രൂപ ഗ്രാന്റായി ലഭിച്ചിരുന്നു. 31.3.2011 ആയിരുന്നു തുകയുടെ വിനിയോഗകാലാവധി.

തദ്ദേശസ്വയംഭരണ(ഡിബി)വകുപ്പിന്റെ 29.3.2011 ലെ സ.ഉ.(ആർ.റ്റി.)നം. 907/11/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി ശുചിത്വമിഷൻ മുഖേന നടപ്പാക്കാൻ അനുമതി ലഭിച്ചതിനെ തുടർന്ന് ഡി.ഡി.നമ്പർ 372169/26.4.11 പ്രകാരം തുക ശുചിത്വമിഷനിൽ നിക്ഷേപിച്ചു.

എന്നാൽ അറവുശാല സ്ഥാപിക്കേണ്ട സ്ഥലം സംബന്ധിച്ച് തർക്കങ്ങൾ ഉടലെടുത്തതിനെ തുടർന്ന് അറവുശാല നിർമ്മാണം ആരംഭിക്കാൻ പോലും ആയിട്ടില്ല. ഭരണസമിതിയുടെ 22.11.2010 ലെ 1(1) ാം നമ്പർ തീരുമാനപ്രകാരം കുമ്പളങ്ങാട് എന്ന സ്ഥലത്ത് സ്ഥാപിക്കാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ പൊതുമാർക്കറ്റിൽ നിന്നും 1.5 കി.മീ.റിൽ അധികം ദൂരം അറവുശാലയിലേക്ക് പാടില്ലായെന്ന് ശുചിത്വമിഷൻ നിബന്ധന വെച്ചിരുന്നു. കുമ്പളങ്ങാട് എന്ന സ്ഥലമാകട്ടെ 3 കി.മീ. ദൂരത്തുമാണ്. ദൂരം സംബന്ധിച്ച നിബന്ധനയിൽ ഇതേവരെയും ഇളവ് ലഭിച്ചതായോ പുതിയ സ്ഥലം ലഭ്യമായതായോ ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. ഇക്കാര്യത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല.

കഴിഞ്ഞ 5 വർഷമായി 20 ലക്ഷം രൂപ യാതൊരു പ്രയോജനവുമില്ലാതെ ശുചിത്വമിഷനിൽ കിടക്കുകയാണ്. കാലതാമസം ചെലവ് വർദ്ധിപ്പിക്കുന്നതിനും ഇടയാക്കും. അറവുശാല പൂർത്തിയാക്കുന്നതിനായി ഭരണസമിതിയുടെ ഊർജ്ജിതമായ ഇടപെടൽ ആവശ്യമാണ്.

## 3-24 ബയോഗ്യാസ് പ്ലാന്റിന്റെ വാർഷികഅറ്റക്കുറ്റപ്പണി കരാറിന്റെ ലംഘനം-പ്ലാന്റിന്റെ പ്രവർത്തനം അനിശ്ചിതാവസ്ഥയിൽ

നിർവ്വഹണഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 21/16

അടങ്കൽ : ₹300000(തനത് ഫണ്ട്)

ചെലവഴിച്ച തുക : വൗ.നമ്പർ.21500809/29.10.15;₹150000

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ കുമ്പളങ്ങാട് മാലിന്യയാർഡിലെ ബയോഗ്യാസ് പ്ലാന്റിന്റെ വാർഷിക അറ്റകുറ്റപ്പണിക്കായി പ്ലാന്റ് നിർമ്മിച്ച കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി (കെയ്ക്കോ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി 1.10.15 ന് കരാറിൽ(കരാർ നമ്പർ.46/1.10.15) ഏർപ്പെട്ടിരുന്നു. 1.10.15 മുതൽ 30.9.16 വരെയായിരുന്നു കരാർ കാലാവധി. കരാറിലെ xxiv ാം വ്യവസ്ഥ പ്രകാരം പ്ലാന്റിന്റെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് ഒരു വർഷം 300000 രൂപ കെയ്ക്കോവിന് നൽകേണ്ടതാണ്. xxxii ാം വ്യവസ്ഥ പ്രകാരം പ്ലാന്റിൽ നിയോഗിക്കപ്പെടുന്ന രണ്ടു തൊഴിലാളികൾക്ക് പ്രതിമാസം 15000രൂപ വരെ വേതനമിനത്തിൽ കെയ്ക്കോ നൽകുന്നതുമാണ്. ഗ്രാമപഞ്ചായത്ത് നൽകാനുള്ള 300000 രൂപയിൽ 150000 രൂപ 2015-16 ൽ നൽകിയിട്ടുണ്ട്. നഗരസഭയായതിനുശേഷം 2016-17 ൽ 100000 രൂപ കൂടി നഗരസഭ കെയ്ക്കോവിന് നൽകിയിട്ടുണ്ട്.

എന്നാൽ കരാറിലെ വ്യവസ്ഥകൾ വിരുദ്ധമായി തൊഴിലാളികൾക്ക് വേതനം നൽകുന്നതിൽ കെയ്ക്കോ വീഴ്ച വരുത്തിയതിനാൽ നഗരസഭാ കൗൺസിലിന്റെ 5.9.16 ലെ 6 ാം നമ്പർ

തീരുമാനപ്രകാരം 1.5.16 മുതൽ 31.8.16 വരെ പ്ലാന്റിൽ ജോലിചെയ്ത രണ്ട് തൊഴിലാളികൾക്കുള്ള വേതനമിനത്തിൽ നൽകേണ്ട 60000രൂപ(7500x2x4) കെയ്ക്കോവിന് നൽകാനുള്ള 50000രൂപയിൽ നിന്നും നൽകുവാനും കരാർ ലംഘിച്ചതിന് കെയ്ക്കോവിനെതിരെ നിയമനടപടി സ്വീകരിക്കുവാനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പിന്നീട് സെപ്തംബർ മാസത്തെ വേതനവും(₹15000) നഗരസഭതന്നെ തൊഴിലാളികൾക്ക് നൽകുകയും നഗരസഭ തൊഴിലാളികൾക്ക് നൽകിയ 75000രൂപയിൽ നിന്നും കെയ്ക്കോവിന് നൽകാനുള്ള 50000 രൂപ കുറച്ച് ബാക്കിയുള്ള 25000രൂപ നഗരസഭയിൽ അടക്കുവാൻ കെയ്ക്കോവിനോട് കത്ത് നമ്പർ എ2-88/16 തിയതി 10.11.16 പ്രകാരം നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്.

30.9.16 ന് കരാർ കാലാവധി അവസാനിച്ചു. പുതിയ കരാറിൽ നഗരസഭ ഏർപ്പെട്ടിട്ടില്ല. നിലവിൽ രണ്ടു വനിതാതൊഴിലാളികളാണ് പ്ലാന്റിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നത്. നഗരസഭ പരിധിയിൽ അറവുശാലകൾക്കൊന്നും ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ അറവുശാലാമാലിന്യങ്ങളും പ്ലാന്റിൽ സംസ്കരിക്കുന്നുണ്ട്.കരാർ ലംഘനം മൂലം നഗരസഭക്കുണ്ടായ നഷ്ടം കരാറിലെ വ്യവസ്ഥകളനുസരിച്ച് കെയ്ക്കോവിൽ നിന്നും ഈടാക്കേണ്ടതാണ്. എ.എം.സി. ഇല്ലാതെ പ്ലാന്റ് നടത്തിക്കൊണ്ടു പോകാനുള്ള സാങ്കേതികവൈദഗ്ധ്യം നഗരസഭ കൈവരിച്ചിട്ടുണ്ടോ എന്ന കാര്യം നഗരസഭാധികൃതർ പരിശോധിക്കേണ്ടതും പ്ലാന്റിന്റെ സുഗമമായ പ്രവർത്തനത്തിന് എ.എം.സി. ആവശ്യമാണെന്ന് കണ്ടെത്തുന്ന പക്ഷം പുതിയ എ.എം.സി. ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നഗരസഭ പരിധിയിൽ അനധികൃതഅറവുശാലകൾ പ്രവർത്തിക്കുന്നില്ലെന്ന് നഗരസഭ അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 3-25 ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് ബാക്കി തുക നൽകിയത്-ഫയൽ ഹാജരാക്കിയില്ല

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

പ്രൊജക്ട് നമ്പർ :228/16

അടങ്കൽ :₹46680 (സംസ്ഥാനാവിഷ്കൃതഫണ്ട്)

ചെലവഴിച്ച തുക :വൗ.നം.21500386/30.3.16;46680/-

ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണത്തിന് ബാക്കി നൽകാനുള്ള തുക യിനത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് തൻവർഷം 46680 രൂപ നൽകിയിട്ടുണ്ട്. കെയ്ക്കോ നൽകിയ കത്ത് പ്രകാരം പ്ലാന്റിന്റെ നിർമ്മാണചെലവ് 1700000 രൂപയാണെന്നും അതിൽ ഇതേവരെ നൽകിയ 1653320 രൂപ കഴിച്ച് ബാക്കി 46680 രൂപ അടവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കുവാൻ 7.1.17 ലെ ഓഡിറ്റ് എൻക്വയറി നം.32 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. ഫയൽ ലഭ്യമാക്കുന്നതുവരെ 46680 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-26 അകമല കുടിവെള്ളപദ്ധതി ത്രീ ഫേസ് കണക്ഷൻ-പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകാതെ അധികതുക നിക്ഷേപിച്ചു

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

പ്രൊജക്ട് നമ്പർ :217/16

അടങ്കൽ :₹50000 (തനത് ഫണ്ട്)

ചെലവഴിച്ച തുക : ഡി.ഡി.നം.50593/17.12.15;33110

ഡി.ഡി.നം.50652/27.1.16;4945

അകമല കുടിവെള്ളപദ്ധതിക്ക് ത്രീ ഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിനായി സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഓർഡർ നമ്പർ DB5/PPS/13-14/520 തിയതി 2.1.14 പ്രകാരം 33110 രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചിരുന്നത്. ഇതനുസരിച്ചാണ് നഗരസഭ 33110 രൂപ ആദ്യം അടവാക്കിയത്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് 38055 രൂപയാണെന്നും ബാക്കിയുള്ള 4945 രൂപ അടവാക്കണമെന്ന വൈദ്യുതി ബോർഡിന്റെ നിർദ്ദേശത്തെ തുടർന്ന് 4945 രൂപ പിന്നീട് ഇലക്ട്രിക്കൽ സെക്ഷൻ, വടക്കാഞ്ചേരിയിൽ അടവാക്കുകയുണ്ടായി. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് ബോർഡിൽ നിന്നും ലഭ്യമായിട്ടില്ല. സ.ഉ.(എം.എസ്.)362/13/തസ്വഭവ/16.11.13 ലെ ഖണ്ഡിക 11.13(xi)(ബി) പ്രകാരം ഒരു നിർമ്മാണപ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്,ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകണമെങ്കിൽ പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് സ്ഥാപനം തയ്യാറാക്കി സാങ്കേതികാനുമതി നൽകി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതും അതനുസരിച്ച് സ്ഥാപനം പ്രൊജക്ട് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ സാങ്കേതികാനുമതി ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കാതെയാണ് നഗരസഭ ബാക്കി തുക ഡെപ്പോസിറ്റ് ചെയ്തത്. സ്ഥാപനവുമായി നഗരസഭ കരാറിലും ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി പൂർത്തിയായതിന്റെ രേഖകളും ലഭ്യമായിട്ടില്ല.

സാങ്കേതികാനുമതി ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റ് സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നും നഗരസഭ ലഭ്യമാക്കേണ്ടതാണ്. വൈദ്യുതി ബോർഡുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷമായിരുന്നു ആദ്യം തുക നൽകേണ്ടിയിരുന്നത്. അങ്ങനെ ചെയ്തിരുന്നെങ്കിൽ അധിക തുക നൽകേണ്ട സാഹചര്യം ഒഴിവാക്കാമായിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കാത്തതുമൂലം ഇക്കാര്യം ഉറപ്പാക്കാനായില്ല. ആയതിനാൽ കരാർ വെക്കാത്തതിനും അധിക തുക നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട പൂർത്തീകരണസാക്ഷ്യപത്രം, പെർഫോമൻസ് റിപ്പോർട്ട്, ഫൈനൽ ബില്ലിന്റെ പകർപ്പ് എന്നിവയും വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രകാരം നടത്തിയ 38055 രൂപയുടെ ചെലവ് ,രേഖകൾ ലഭ്യമാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

## 3-27 വിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റ് രശീതി എന്നിവ ലഭ്യമാക്കിയില്ല

നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നം/ പേര് | ചെലവഴിച്ച തുക ₹ | തുക നൽകപ്പെട്ട സ്ഥാപനം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 311/16, ഐ.എ.വൈ അധികവിഹിതം നൽകൽ(SC) | ട.ബി.നം. 20/31.3.16; 1600000 | സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത്,വടക്കാഞ്ചേരി | വിനിയോഗ സാക്ഷ്യപത്രം |
| 312/16, ഐ.എ.വൈ അധികവിഹിതം നൽകൽ(പൊതുവിഭാഗം) | ട.ബി.നം. 21/31.3.16; 2250000 | " | " |
| 313/16, ഐ.കെ.എം. ന് വിഹിതം | ട.ബി.നം. 22/31.3.16; 100000 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം | കൈപ്പറ്റ് രശീതി |

മേൽ ചെലവുകളുടെ വിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്.

## 3-28 തെരുവ് വിളക്കുകളുടെ അറ്റക്കുറ്റപ്പണികൾ-അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

പ്രൊജക്ട് നമ്പർ :9/16

അടങ്കൽ :₹911542 (റോഡിതരസംരക്ഷണഗ്രാന്റ്)

ചെലവഴിച്ച തുക :ട.ബി.24/30.9.15;180000

(സെക്രട്ടറി മുണ്ടത്തിക്കോട് ഗ്രാ.പ.)

ട.ബി.2/17.3.16;187114

ട.ബി.15/28.3.16;525214

ഡി.ഡി.നം.333671/23.9.16;175000 (2016-17)

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് നിലനിന്നിരുന്ന കാലയളവിൽ ആരംഭിച്ച പ്രൊജക്ടാണിത്. മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി പവർ ഇലക്ട്രിക്കൽ സിസ്റ്റംസ്,ഫറൂക്ക് എന്ന സ്ഥാപനവുമായി അന്നത്തെ പഞ്ചായത്ത് സെക്രട്ടറി 16.6.15 ൽ

കരാറിലേർപ്പെട്ടിട്ടുണ്ട്(കരാർ നം.15/16). കരാറിന്റെ കാലാവധി കരാർ തിയതി മുതൽ ഒരു വർഷമാണ്. ഒന്നാമത്തെ തുക നല്കിയിരിക്കുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തുടർന്നുള്ള ചെലവുകൾ നടത്തിയിരിക്കുന്നത് നഗരസഭാ സെക്രട്ടറിയുമാണ്. പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(എം.എസ്)നം.362/2013/തസ്വഭവ/തിയതി 16.11.13 ലെ ഖണ്ഡിക 11.13(x) (സി)പ്രകാരം റോഡിതരസംരക്ഷണഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റക്കുറ്റപ്പണികൾക്കാണ് വിനിയോഗിക്കേണ്ടത്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായാണ് തെരുവ് വിളക്കുകളുടെ അറ്റക്കുറ്റപ്പണികൾക്ക് റോഡിതരസംരക്ഷണഗ്രാന്റ് വിനിയോഗിച്ചിരിക്കുന്നത്.
2. പ്രൊജക്റ്റിൽ വകയിരുത്തിയിരുന്നത് 911542 രൂപയാണ്. 31.3.16 വരെ 892328 രൂപ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള വാർഷിക പദ്ധതി ചെലവ് പത്രിക പ്രകാരം 31.3.16 വരെയുള്ള ചെലവ് 705214 രൂപയാണ്. കരാർ കാലാവധി അവസാനിക്കുന്ന 16.6.16 ന് ശേഷം 175000 രൂപ കൂടി ചെലവഴിച്ചിട്ടുണ്ട്.
3. കരാറുകാരന് തുക നൽകുമ്പോൾ ഓരോ വാർഡിലും റിപ്പയർ ചെയ്ത വിവിധതരം വിളക്കുകളുടെ എണ്ണം കാണിക്കുന്ന ഒരു സംഗ്രഹം തയ്യാറാക്കിയിട്ടില്ല. ഇത്തരത്തിലുള്ള ഒരു ഇൻവോയ്സ് സ്ഥാപനം നൽകിയിട്ടുമില്ല. ആകെ റിപ്പയർ ചെയ്ത വിളക്കുകളുടെ തരം മാത്രമേ ഫയലിലുള്ളൂ. ഇത് സുതാര്യമായ നടപടിയല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതുവരെ 1067328 രൂപയുടെ (180000+187114+525214+175000) ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-29 <u>പട്ടികജാതി കോളനിയിൽ കൂടുതൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-നിർവ്വഹണത്തിലെ അപാകതകൾ</u>

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ :296/16

അടങ്കൽ :₹200000 (പട്ടികജാതി വികസനഫണ്ട്)

ചെലവഴിച്ച തുക :ട.ബി.13/28.3.16;196460

ഈ പ്രൊജക്റ്റ് അനുസരിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് 20 വാട്ടിന്റെ LED സ്ട്രീറ്റ് ലൈറ്റ് സിസ്റ്റംസ് 47 എണ്ണം വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റ് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കരാറിലെ വ്യവസ്ഥകളനുസരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയെന്നത് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ചുമതലയാണ്. എന്നാൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ സംസ്ഥാനവൈദ്യുതി ബോർഡിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.
2. സ.ഉ.(സാധാ) 3140/15/തസ്വഭവ/16.10.15 പ്രകാരം സപ്ലൈ ഓർഡർ നൽകുന്നതിന് മുമ്പ്

തന്നെ സംസ്ഥാനവൈദ്യുതി ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതായിരുന്നു. എന്നാൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

3. സ.ഉ.(എം.എസ്)നം.362/2013/തസ്വഭവ/തിയതി 16.11.13 ലെ അനുബന്ധം 2,ഖണ്ഡിക(1)(VIII) പ്രകാരം പട്ടികജാതി വികസനഫണ്ട് ഉപയോഗിക്കുന്നതിന് പട്ടികജാതി വികസന ഓഫീസറുടെ സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതായിരുന്നു. എന്നാൽ സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയില്ലാതെയാണ് പട്ടികജാതി വികസനഫണ്ട് ചെലവഴിച്ചിരിക്കുന്നത്.

മേൽ അപാകതകൾ പരിഹരിക്കുന്നതുവരെ 196460 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-30 ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി-ആദായനികുതി,ക്ഷേമനിധിവിഹിതം എന്നിവ അടവാക്കിയതിന്റെ രേഖയില്ല

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

പ്രൊജക്ട് നമ്പർ :219/16

അടങ്കൽ :₹100000 (തനത് ഫണ്ട്)

ചെലവഴിച്ച തുക : വൗ.നം.21500198/30.3.16;99848

ഹൈമാസ്റ്റ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുതിന് സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്,കേരള (silk) എന്ന സ്ഥാപനത്തിന് നൽകുന്നതിനായി മേൽ വൗച്ചർ പ്രകാരം 99848 രൂപ പിൻവലിച്ചിട്ടുണ്ട്. ഡി.ഡി.നമ്പർ 212530/5.4.16 പ്രകാരം 98888 രൂപ silk-ന് നൽകി. ബാക്കി ആദായനികുതിയിനത്തിൽ 640 രൂപയും കെട്ടിടത്തൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ 320 രൂപയുമാണ്. എന്നാൽ ഈ തുക അടവാക്കിയതിന്റെ ചലാൻ/ കൈപ്പറ്റ് രശീതി എന്നിവ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 960 രൂപ (640+320) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-31 പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ–സ്ഥാപിച്ചതിന്റെ രേഖയില്ല

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

പ്രൊജക്ട് നമ്പർ :297/16

അടങ്കൽ :₹350000

ചെലവഴിച്ച തുക :ട.ബി.12/28.3.16;187465

ഈ പ്രൊജക്ടിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് 20 വാട്ടിന്റ LED സ്ട്രീറ്റ് ലൈറ്റ് സിസ്റ്റംസ് 47 എണ്ണം വാങ്ങിയിട്ടുണ്ട്. കരാറിലെ വ്യവസ്ഥകളനുസരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയെന്നത് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ചുമതലയാണ്.

എന്നാൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ സംസ്ഥാനവൈദ്യുതി ബോർഡിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. മാത്രമല്ല സ.ഉ.(സാധാ) 3140/15/തസ്വഭവ/16.10.15 പ്രകാരം സപ്ലൈ ഓർഡർ നൽകുന്നതിന് മുമ്പ് തന്നെ സംസ്ഥാനവൈദ്യുതി ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതായിരുന്നു. എന്നാൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചുവെന്ന് ഉറപ്പാക്കുന്നതിന് സംസ്ഥാനവൈദ്യുതിബോർഡിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

## 3-32 ക്ലീൻ കേരള മിഷൻ ഓഹരികൾ വാങ്ങൽ -മുൻകാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജി.ഒ.പ്രൊജക്ടായി നടപ്പാക്കി

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

പ്രൊജക്ട് നമ്പർ :314/16

അടങ്കൽ :₹500000 (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവഴിച്ച തുക :ട്.ബി.23/31.3.16;500000

സ.ഉ.(സാധാ)893/2014/തസ്വഭവ/26.3.14 പ്രകാരം 2013-14 സാമ്പത്തികവർഷം ചെലവഴിക്കാതെ അവശേഷിക്കുന്ന ഫണ്ടുപയോഗിച്ച് ക്ലീൻ കേരള മിഷൻ ഓഹരികൾ വാങ്ങാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. എന്നാൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2015-16 ൽ ക്ലീൻ കേരള മിഷൻ ഓഹരികൾ വാങ്ങാൻ ജി.ഒ.പ്രൊജക്ട് തയ്യാറാക്കി 500000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രാബല്യത്തിലുള്ള ഉത്തരവില്ലാതെ നടത്തിയ മേൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-33 മാലിന്യനിർമ്മാർജ്ജനത്തിന് ഉപയോഗിക്കുന്ന വാഹനത്തിന്റെ ലോഗ്ബുക്ക് എഴുതുന്നതിലെ അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

പ്രൊജക്ട് നമ്പർ :23/16

അടങ്കൽ :₹125000 (തനത് ഫണ്ട്)

ചെലവഴിച്ച തുക : വൗ.നം.21500438/29.7.15;8112

" 21501020/11.12.15;6725.16

" 21500065/15.3.16;19457.69

" 21500066/15.3.16;6544.77

മാലിന്യനിർമ്മാർജ്ജനത്തിന് ഉപയോഗിക്കുന്നത് പഞ്ചായത്ത് വാങ്ങി നൽകിയ KL.48.G.6125 എന്ന രജിസ്ട്രേഷൻ നമ്പറിലുള്ള അശോക് ലൈലാന്റ് 'ദോസ്ത് ' വാഹനമാണ്. സെക്രട്ടറിയുടെ

പേരിലാണ് വാഹനം രജിസ്റ്റർ ചെയ്തിരിക്കുന്നത് . ഈ വാഹനത്തിന്റെ ഇന്ധനം, അറ്റകുറ്റപ്പണികൾ എന്നിവ നിർവ്വഹിച്ചിരിക്കുന്നത് മേൽ പ്രൊജക്ടിൽ നിന്നുമാണ് .എന്നാൽ വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാഹന ഇന്ധനക്ഷമത പരിശോധിച്ച് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
2. ഓരോ മാസവും ഉപയോഗിച്ച ഇന്ധനത്തിന്റെയും ടാങ്കിൽ നീക്കിയിരുപ്പുള്ള ഇന്ധനത്തിന്റെയും സംഗ്രഹം ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
3. ഇന്ധനം നിറച്ചതിന്റെയോ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെയോ വിശദാംശങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
4. യാത്രകൾ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും രേഖപ്പടുത്തലുകൾ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 3-34 ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ വരാത്തതും കൈമാറിക്കിട്ടിയതല്ലാത്തതുമായ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ നൽകി

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

പ്രൊജക്ട് നമ്പർ :6/16

അടങ്കൽ :₹100000 (തനത് ഫണ്ട്)

ചെലവഴിച്ച തുക : ഡി.ഡി.നം.212320/2.4.16;98200

ഈ പ്രൊജക്ട പ്രകാരം താഴെ പറയുന്ന ഫർണീച്ചറും ജനറേറ്ററും വാങ്ങിയിരുന്നു.

| ഇനം | എണ്ണം | ഒരെണ്ണത്തിന്റെ നിരക്ക് |
|---|---|---|
| മേശ(റബ് വുഡ് ടോപ്) | 2 | 9000 |
| സ്റ്റീൽ അലമാര | 2 | 9900 |
| ജനറേറ്റർ | 1 | 29500 |
| റിവോൾവിങ്ങ് കസേര | 3 | 3800 |
| വിസിറ്റിങ്ങ് എക്സിക്യൂട്ടീവ് കസേര | 5 | 3900 |

വാങ്ങിയ ഇനങ്ങളെല്ലാം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഇവയിൽ നിന്നും ഒരു മേശ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനും ഒരു മേശ പ്രിയദർശിനി ചാരിറ്റബിൾ സൊസൈറ്റിക്കുമാണ് നൽകിയിരിക്കുന്നത്. കൂടാതെ മിനി ഇൻഡസ്ട്രിയൽ സെന്ററിന് 5

വിസിറ്റിങ്ങ് എക്സിക്യൂട്ടീവ് കസേരകളും നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ നൽകാനുള്ള സാഹചര്യം വ്യക്തമാക്കാൻ 29.12.16 ലെ എൻക്വയറി നം.9 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ ഇനങ്ങൾക്ക് വേണ്ടി നടത്തിയ 37500 രൂപയുടെ( മേശ@9000x2+വിസിറ്റിങ്ങ് എക്സിക്യൂട്ടീവ് കസേര@3900x5) ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-35 സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയില്ലാതെ പട്ടികജാതി വികസനഫണ്ട് ചെലവഴിച്ചു

നിർവ്വഹണഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നമ്പർ :232/16

പ്രൊജക്ടിന്റെ പേര് : എസ്.സി.കോളനിയിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ :₹485200

ചെലവഴിച്ച തുക :ട.ബി.10/29.3.16-434500

ട.ബി.11/29.3.16-50000

എസ്.സി.കോളനിയിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ എന്ന ഈ പ്രൊജക്ടിൽ ക്രൂസിൽ നിന്നും ട്രഷറിബിൽ നം.10/29.3.16 പ്രകാരമുള്ള തുക വിനിയോഗിച്ച് തെരുവുവിളക്ക് സാമഗ്രികൾ വാങ്ങുകയും സൂപ്പർവിഷൻ ചാർജിനത്തിൽ 50000/- രൂപ കെ.എസ്.ഇ.ബി വടക്കാഞ്ചേരിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

സ.ഉ.(എം.എസ്)നം.362/2013/തസ്വഭവ/തിയതി 16.11.13 ലെ അനുബന്ധം 2,ഖണ്ഡിക(1)(VIII) പ്രകാരം പട്ടികജാതി വികസനഫണ്ട് ഉപയോഗിക്കുന്നതിന് പട്ടികജാതി വികസന ഓഫീസറുടെ സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതായിരുന്നു. എന്നാൽ സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയില്ലാതെയാണ് പട്ടികജാതി വികസനഫണ്ട് ചെലവഴിച്ചിരിക്കുന്നത്. സോഷ്യൽ മാപ്പ്, .ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതുവരെ 484500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-36 ചാമക്കാല റോഡ് സോളിംഗ് , മെറ്റലിംഗ്,ടാറിംഗ് - പാർട്ട് ബില്ലിൽ അധിക തുക നൽകി

നിർവ്വഹണഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നമ്പർ : എസ്.112/15, എസ്.125/16

അടങ്കൽ : ₹740000 (റോഡ് സംരക്ഷണഗ്രാന്റ്-505000; തനത് ഫണ്ട്- 235000)

സാങ്കേതികാനുമതി: 135/AEE/WKY/30.8.14; ₹740000

കൺവീനർ : ശ്രീ.ബൈജു.കെ.ജെ.

കരാർ : 72/20.2.15

അളവുപുസ്തകം: 221/14-15,314/14-15(ലഭ്യമാക്കിയില്ല)

ചെലവഴിച്ച തുക: ട.ബി.നം.21/30.3.16;180511

ട.ബി.നം.51/30.3.16; 324489

ആകെ 505000

ഈ പ്രവൃത്തിക്ക് ഒന്നാമത്തെ പാർട്ട് ബിൽ പ്രകാരം 180511 രൂപ നൽകിയിരുന്നു. രണ്ടാം പാർട്ട് ബിൽ പ്രകാരം 359224 രൂപയാണ് ആകെ പ്രവൃത്തി മൂല്യം. ഇതനുസരിച്ച് പിൻവലിക്കേണ്ട തുക 178713 രൂപയായിരുന്നു. എന്നാൽ അതിനു പകരം 324489 രൂപ പിൻവലിച്ച് കൺവീനർക്ക് നൽകി. തന്മൂലം 145776 രൂപ (324489-178713) കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. തുക അധികം നൽകിയതായി കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത തുക മുഴുവൻ( 145776 രൂപ) കൺവീനറിൽ നിന്നും തിരികെ ഈടാക്കുകയും മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ SBTയുടെ വടക്കാഞ്ചേരി ബ്രാഞ്ചിലുള്ള 67327267026 എന്ന നമ്പറിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഈ അക്കൗണ്ട് മുണ്ടത്തിക്കോട് പഞ്ചായത്ത് ഇടപാടുകൾ നടത്തിയിരുന്ന മെഡിക്കൽ കോളേജ് സബ്ട്രഷറി നോൺ ബാങ്കിങ്ങ് ട്രഷറിയായതിനാൽ ഡി.ഡി. എടുക്കുന്നതിനായി ജി.ഒ(പി) നം 177/2006/ഫിൻ/12.4.16 പ്രകാരം ആരംഭിച്ച അക്കൗണ്ടാണ്. ഈ അക്കൗണ്ടിലേക്ക് തുക തിരിച്ചടച്ചത് ശരിയായ നടപടിയല്ല. മുണ്ടത്തിക്കോട് പഞ്ചായത്ത് വടക്കാഞ്ചേരി നഗരസഭയിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന് ട്രഷറി ഇടപാടുകൾ നടത്തുന്നത് വടക്കാഞ്ചേരി സബ്ട്രഷറിയുമായിട്ടാണ്. വടക്കാഞ്ചേരി സബ്ട്രഷറി ബാങ്കിങ്ങ് ട്രഷറിയായതിനാൽ മറ്റൊരു ബാങ്ക് അക്കൗണ്ടിന്റെ ആവശ്യമില്ലാത്തതാണ്. ആയതിനാൽ ഈ അക്കൗണ്ട് അവസാനിപ്പിക്കേണ്ടതും തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്. പലിശയടക്കം ഈ അക്കൗണ്ടിൽ 21.12.16 ൽ 152687രൂപ നീക്കിയിരിപ്പുണ്ട്.

## 3-37 പൂർത്തീകരിക്കാത്ത പ്രൊജക്ടുകൾ

മുൻ വർഷങ്ങളിൽ ആരംഭിച്ച താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| പ്രൊജക്ട് നമ്പർ, പേര് | അടങ്കൽ ₹ | 2014-15 വരെ ചെലവ്₹ | 2015-16 ലെ ചെലവ്₹ | കുറിപ്പുകൾ |
|---|---|---|---|---|
| 109/16, വടക്കാഞ്ചേരി ബസ്സ്റ്റാന്റ്കം | 1150000 (കരാറുകാരൻ ശ്രീ. ടി.എ.അബൂബക്കർ) | 658650 (ഒന്നാം പാർട്ട് | ഇല്ല | 2013-14 ൽ പ്രൊജക്ട് നമ്പർ 307/14 ആയി ആരംഭിച്ചതാണിത്. |

| | | | | |
|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ | | ബിൽ) | | |
| 134/16, ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം | 4660000 (കോസ്റ്റ് ഫോഡ് മുഖേന) | 932000 | 928000 | - |

പ്രൊജക്ടുകൾ പൂർത്തിയാക്കാത്തതുമൂലം ധനവിനിയോഗത്തിന്റെ ഫലപ്രാപ്തി നീണ്ടുപോവുകയോ തീരെ ലഭ്യമാകാതിരിക്കുകയോ ചെയ്യുന്നു. ആയതിനാൽ മേൽ പ്രൊജക്ടുകൾ പൂർത്തീകരിക്കാതെ കിടക്കുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ച് അവ പൂർത്തീകരിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-38 മോണിട്ടറിങ്ങ് നടത്തുന്നില്ല

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തിയതി 16.11.13 ലെ ഖണ്ഡിക 19 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്.അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി,ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2015-16 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ട് നിർവ്വഹണത്തിൽ നടന്നിട്ടില്ല. സ.ഉ.(എം.എസ്)233/12/തസ്വഭവ തിയതി 7.9.12 ന്റെ അനുബന്ധം 5 പ്രകാരമുള്ള മോണിട്ടറിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രത്തോടുകൂടിയുള്ള പ്രൊജക്ട് പൂർത്തീകരണ പത്രം ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 3-39 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെബില്ലിൽ നിന്നും കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ ഈടാക്കുന്ന തുക പ്രത്യേകം പ്രത്യേകം ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് ക്ഷേമനിധിബോർഡിലേക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. തൻവർഷം ഈടാക്കിയ മുഴുവൻ തുകകളും ക്ഷേമനിധിബോർഡിലേക്ക് അയച്ചുകൊടുത്തതായി അറിയിച്ചെങ്കിലും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല. ക്ഷേമനിധിവിഹിതം ഈടാക്കിയത് അടവാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല . ക്ഷേമനിധിബോർഡിന്റെ കൈപ്പറ്റ് രശീതിയും ലഭ്യമാക്കിയില്ല.

ഈ സാഹചര്യത്തിൽ ക്ഷേമനിധിബോർഡിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## **3-40** കോമ്പൗണ്ടിങ്ങ് സർട്ടിഫിക്കറ്റ് ഇല്ലാതെ കുറഞ്ഞ നിരക്കിൽ വാറ്റ് ഈടാക്കി

2014ലെ ഓർഡിനൻസ് നമ്പർ 21 തിയതി 3.9.14 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വർക്ക്സ് കോൺട്രാക്ടർമാരുടെ ബില്ലിൽ നിന്നും 5% മൂല്യ വർദ്ധിതനികുതിയായി ഈടാക്കേണ്ടതാണ്. വാണിജ്യ നികുതി വകുപ്പിൽ നിന്നും ലഭിക്കുന്ന പ്രത്യേക നിരക്ക് രേഖപ്പെടുത്തിയ കോംപൗണ്ടിങ്ങ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കുറഞ്ഞ നിരക്കുകൾ ഈടാക്കേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി താഴെ പറയുന്ന കരാറുകാരിൽ നിന്നും 4% നികുതി മാത്രമാണ് തൻവർഷം ഈടാക്കിയിരിക്കുന്നത്.

1. ശ്രീ. വി.അശോകൻ
2. ശ്രീ.പി.കെ.സരസാക്ഷൻ
3. ശ്രീ. വി.കെ.സുരേന്ദ്രൻ
4. ശ്രീ. എ.ടി.ആന്റണി
5. ശ്രീ.സി.ജി.മണി
6. ശ്രീ.വി.അനിൽകുമാർ
7. ശ്രീ.എൻ.എൽ.വിൽസൻ
8. ശ്രീ.അലക്സ് പി.മാത്യൂ
9. ശ്രീ.സുബൈർ. എം.
10. ശ്രീ.റോയ് .കെ.പി.
11. ശ്രീ.പ്രദീപ്. എം.സി.
12. ശ്രീ.രാഹുൽ രാജ്
13. ശ്രീ.സുനിൽ. വി.ആർ
14. ശ്രീ.രാജൻ.പി.
15. ശ്രീ.അജിത്ത് പി. ജോർജ്ജ്
16. ശ്രീ.സോയ് അലക്സാണ്ടർ
17. ശ്രീ.മുസ്തഫ. എ. വി.

18. ശ്രീ.ടി.എ.അബൂബക്കർ

19. ശ്രീ.റിജു,പി.ജി

20. ശ്രീ. ജോർജ്ജ്.പി.എസ്.

മുകളിൽ പരാമർശിച്ച കരാറുകാരുടെ 2015-16 വർഷം പ്രാബല്യത്തിലുള്ള ഫോറം IE യിലുള്ള കോംപൗണ്ടിങ്ങ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ പറഞ്ഞ കരാറുകാർക്ക് വാറ്റിൽ ഇളവ് നൽകിയതു മൂലം അധികം നൽകാൻ ഇടയായ തുക ഈടാക്കി വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

## 3-41 ആശ്രയ പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമല്ല

വടക്കാഞ്ചേരി നഗരസഭയിൽ മുണ്ടത്തിക്കോട് മേഖലക്കും വടക്കാഞ്ചേരി മേഖലക്കും രണ്ടു വ്യത്യസ്ത കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റികൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ കീഴിലുള്ള ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിലുള്ള പുരോഗതി ചുവടെ ചേർക്കുന്നു.

വടക്കാഞ്ചേരി മേഖല

| | ആശ്രയ ഒന്നാം ഘട്ടം 2005-08 | ആശ്രയ രണ്ടാം ഘട്ടം 2014-17 |
|---|---|---|
| ആകെ ഗുണഭോക്താക്കൾ | 81 | 63 |
| വീടു വെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 21 | 3 |
| സ്ഥലം ലഭിച്ചവർ | 10 | 1 |
| വീട് ആവശ്യമുള്ളവർ | 64 | 18 |
| വീട് ലഭിച്ചവർ | 41 | 10 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 17 | 25 |
| റിപ്പയർ ലഭിച്ചവർ | 17 | 0 |
| കക്കൂസ് ആവശ്യമുള്ളവർ | 26 | 3 |
| കക്കൂസ് ലഭിച്ചവർ | 3 | 0 |
| കറന്റ് ആവശ്യമുള്ളവർ(വയറിംഗ്) | 0 | 0 |
| കറന്റ് ലഭിച്ചവർ | 0 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 0 | 11 |

| | | |
|---|---|---|
| കുടിവെള്ളം ലഭിച്ചവർ | 0 | 0 |

ജി.ഒ.(എം.എസ്) 362/13ത.സ്വ.ഭ.വതിയതി.16.11.13 പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി വാങ്ങി നൽകാൻ പാടുള്ളൂ.(ഖണ്ഡിക 6.7(1)).കൂടാതെ ഖണ്ഡിക6.8പ്രകാരം ഭവനരഹിതരും വീടു വെയ്ക്കാൻ ഭൂമിയുള്ളവരുമായ അഗതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായംനൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ധനസഹായം നൽകാൻ പാടുള്ളൂ. ഈ നിർദ്ദേശങ്ങൾ പ്രകാരമല്ല പ്രൊജക്ടുകൾ നടപ്പാക്കുന്നത്. ആശ്രയയിൽ ഉൾപ്പെട്ട ഭവനരഹിതരായ 31കുടുംബങ്ങൾ നിലവിൽ നഗരസഭയിൽ അവശേഷിക്കുന്നു. വീടു വെയ്ക്കാൻ സ്ഥലം ആവശ്യമുള്ള 13കുടുംബങ്ങളും നഗരസഭയിലുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുമ്പ് അതിലും ഉയർന്ന സാമ്പത്തികശേഷിയുള്ള മറ്റു വിഭാഗങ്ങൾക്ക് ധനസഹായം നൽകി വരുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

ആശ്രയ പ്ലാൻഫണ്ട് അക്കൗണ്ടിൽ 31.3.16 ന് അവശേഷിക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ഒന്നാംഘട്ടം നീക്കിയിരിപ്പ്<br>a/c no.0723101041040-കനറാ ബാങ്ക് | രണ്ടാംഘട്ടം നീക്കിയിരിപ്പ്<br>a/c no.7473000100010034-PNB |
|---|---|---|
| പ്ലാൻഫണ്ട് | ഇല്ല | 195000 |
| ചലഞ്ച് ഫണ്ട് | 418104 | 464987 |

<u>മുണ്ടത്തിക്കോട് മേഖല</u>

| | ആശ്രയ ഒന്നാം<br>ഘട്ടം | ആശ്രയ രണ്ടാം<br>ഘട്ടം |
|---|---|---|
| ആകെ ഗുണഭോക്താക്കൾ | 127 | 48 |
| വീടു വെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 6 | 5 |
| സ്ഥലം ലഭിച്ചവർ | 4 | 0 |
| വീട് ആവശ്യമുള്ളവർ | 16 | 13 |
| വീട് ലഭിച്ചവർ | 7 | 0 |

| | | |
|---|---|---|
| വീട് റിപ്പയർ ആവശ്യമുള്ളവർ | 51 | 12 |
| റിപ്പയർ ലഭിച്ചവർ | 27 | 0 |
| കക്കൂസ് ആവശ്യമുള്ളവർ | 12 | 0 |
| കക്കൂസ് ലഭിച്ചവർ | 0 | 0 |
| കറന്റ് ആവശ്യമുള്ളവർ(വയറിംഗ്) | 3 | 0 |
| കറന്റ് ലഭിച്ചവർ | 0 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 11 | 0 |
| കുടിവെള്ളം ലഭിച്ചവർ | 0 | 0 |

ജി.ഒ.(എം.എസ്) 362/13ത.സ്വ.ഭ.വ തിയ്യതി.16.11.13 പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി വാങ്ങി നൽകാൻ പാടുള്ളൂ.(ഖണ്ഡിക 6.7(1)). കൂടാതെ ഖണ്ഡിക 6.8പ്രകാരം ഭവനരഹിതരും വീടു വെയ്ക്കാൻ ഭൂമിയുള്ളവരുമായ അഗതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായംനൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ധനസഹായം നൽകാൻ പാടുള്ളൂ. ഈ നിർദ്ദേശങ്ങൾ പ്രകാരമല്ല പ്രൊജക്ടുകൾ നടപ്പാക്കുന്നത്. ആശ്രയയിൽ ഉൾപ്പെട്ട ഭവനരഹിതരായ 22കുടുംബങ്ങൾ നിലവിൽ നഗരസഭയിൽ അവശേഷിക്കുന്നുണ്ടായിരുന്നു. വീടു വെയ്ക്കാൻ സ്ഥലം ആവശ്യമുള്ള 7 കുടുംബങ്ങളും നഗരസഭയിൽ ഉണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുമ്പ് അതിലും ഉയർന്ന സാമ്പത്തികശേഷിയുള്ള മറ്റു വിഭാഗങ്ങൾക്ക് ധനസഹായം നൽകി വരുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

ആശ്രയ പ്ലാൻഫണ്ട് അക്കൗണ്ടിൽ 1.12.16 ന് അവശേഷിക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ഒന്നാംഘട്ടം നീക്കിയിരിപ്പ് a/c no.3285,പുതുരുത്തി സർവ്വീസ് സഹകരണബാങ്ക് | രണ്ടാംഘട്ടം നീക്കിയിരിപ്പ് പുതുരുത്തി സർവ്വീസ് സഹകരണബാങ്ക്a/c no.7437 -പ്ലാൻ,7693-ചലഞ്ച് ഫണ്ട് |
|---|---|---|
| പ്ലാൻഫണ്ട് | 515000 | 500000 |
| ചലഞ്ച് ഫണ്ട് | 454440 | 254385 |

രണ്ടുഘട്ടങ്ങളിലുമായി 1015000 രൂപ പ്ലാൻഫണ്ടിനത്തിൽ നീക്കിയിരിപ്പുണ്ട്. ഈ തുകയുപയോഗിച്ച് ഭവനനിർമ്മാണത്തിനായി മുൻഗണനാക്രമത്തിൽ 4 ഗുണഭോക്താക്കൾക്ക്

അറിയിപ്പ് നല്കിയിട്ടുണ്ടെങ്കിലും ആരും കരാർ വെക്കാൻ തയ്യാറായി മുന്നോട്ട് വന്നിട്ടില്ലെന്ന് അറിയിച്ചു.

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതി ഒഴിവാക്കേണ്ടതാണ്. ആശ്രയയിൽ ഉൾപ്പെട്ട അഗതികളുടെ ആവശ്യങ്ങൾ പുനപരിശോധിക്കേണ്ടതും വിലയിരുത്തൽ സമിതി, മോണിറ്ററിംഗ് സമിതി എന്നിവ നിർബന്ധമായും ആയവ പരിശോധിച്ച് അർഹരായവർക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാകുന്ന എന്നുറപ്പു വരുത്തേണ്ടതുമാണ്. `

# 3-42 പകൽവീടിന്റെ ഭാഗികമായ ഉപയോഗം

മുണ്ടത്തിക്കോട് പഞ്ചായത്ത് നിലവിലുണ്ടായിരുന്ന സമയത്ത് പ്രവർത്തനം ആരംഭിച്ച പകൽവീടിന്റെ പ്രവർത്തനം ഇപ്പോൾ നാമമാത്രമാണ്. വൃദ്ധർക്കും വികലാംഗർക്കും അഗതികൾക്കും മറ്റും പകൽസമയത്തെ സംരക്ഷണം, ഭക്ഷണം, ശുശ്രൂഷ തുടങ്ങിയവ നൽകാൻ ഉദ്ദേശിച്ചുകൊണ്ടാണ് പകൽവീട് ആരംഭിച്ചിരിക്കുന്നത്. ഇരുപതോളം പേർക്ക് വിശ്രമിക്കാനുള്ള സൗകര്യം, ടോയ് ലെറ്റ്, ഭക്ഷണം പാചകം ചെയ്യുവാനുള്ള അടുക്കള, അടുക്കളയിലേക്കാവശ്യമായ പാത്രങ്ങൾ, ഫ്രിഡ്ജ്, മെഡിക്കൽ ഓഫീസർക്കുള്ള മുറി, ചികിത്സാ സൗകര്യങ്ങൾ, അതിനാവശ്യമായ ഉപകരണങ്ങൾ എന്നിവയെല്ലാം ഇവിടെ ഒരുക്കിയിട്ടുണ്ട്. മാത്രമല്ല പകൽവീടിന്റെ മുറ്റം ട്രസ്സ് ചെയ്ത് ടൈൽ വിരിച്ച് ഒരു മീററിംഗ് നടത്തുവാനുള്ള സൗകര്യവും ഇരിക്കുവാനുള്ള കസേരകളും മറ്റും ഒരുക്കിയിട്ടുമുണ്ട്.

2015-16 ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ സ്ഥലപരിശോധനയിൽ ആകെ രണ്ടു വനിതാ അന്തേവാസികൾ മാത്രമാണ് പകൽവീടിൽ ഉണ്ടായിരുന്നത്. അന്തേവാസികളുടെ ഹാജർ പുസ്തകം 31.3.16 വരെ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു എൽ.ഇ.ഡി. ടെലിവിഷൻ, ഒരു ഫ്രിഡ്ജ് എന്നിവ ഇതേവരെ സ്ഥാപിക്കാത്ത നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. പകൽവീടിന്റെ മേൽനോട്ടത്തിനും മറ്റുമായി രണ്ടു വനിതകളും ജോലി ചെയ്തുവരുന്നു.

2013-14,2014-15,2015-16 എന്നീ വർഷങ്ങളിലായി പകൽവീടിനായി രൂപീകരിച്ച പ്രൊജക്ടുകളുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം, പേര് | ചെലവഴിച്ച തുക ₹ |
|---|---|---|
| 2013-14 | 26/14, പകൽവീട് ഫർണീച്ചറും മറ്റ് ഉപകരണങ്ങളും | 100000 |
| " | 126/14, പകൽവീട് മുറ്റം ഷീറ്റ് മേയലും ടൈൽസ് വിരിക്കലും | 192360 |

| | | |
|---|---|---|
| " | 144/14, വൃദ്ധർക്കും വികലാംഗർക്കും പകൽവീട് | 37987 |
| " | 187/14, പകൽവീട് പൂർത്തീകരണപ്രവൃത്തികൾ | 713861 |
| 2014-15 | 148/15, ഇലക്ട്രിഫിക്കേഷൻ | 7500 |
| " | 232/15, പകൽവീട് പെയിന്റിംഗ് | 49890 |
| 2015-16 | 176/16, പകൽവീട് ഉപകരണങ്ങൾ വാങ്ങൽ | 24700 |
| " | 257/16, പകൽവീട് കെട്ടിടം അനുബന്ധ പ്രവൃത്തികൾ | 100000 |
| | ആകെ | 1226298 |

കഴിഞ്ഞ 3 വർഷത്തെ സുലേഖ പത്രിക പ്രകാരം പകൽവീടിനായി നടത്തിയ ചെലവാണിത്. അതിന് മുമ്പ് നടത്തിയ ചെലവുകളോ സുലേഖ പത്രികയിൽ ചേർക്കാത്ത ചെലവുകളോ കണക്കാക്കിയിട്ടില്ല. എങ്കിൽ പോലും വൻ തുക ഇതിനായി ചെലവഴിച്ചതായി കാണാം.

മേൽ വിവരിച്ച സാഹചര്യത്തിൽ പകൽവീടിന്റെ ഇപ്പോഴത്തെ അവസ്ഥയുടെ കാരണങ്ങൾ വിശകലനം ചെയ്ത് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-43 മോഡൽ ക്ലാസ്സ് മുറികൾ പ്രവർത്തനസജ്ജമായില്ല

പുതുരുത്തി എൽ.പി.സ്കൂൾ, പാർളിക്കാട് യു.പി.സ്കൂൾ എന്നിവിടങ്ങളിൽ മോഡൽ ക്ലാസ്സ് മുറികൾ സജ്ജമാക്കുന്നതിനായി ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. 2015-16 ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ സ്ഥലപരിശോധനയിൽ രണ്ടു മോഡൽ ക്ലാസ്സ് മുറികളും പൂർണ്ണമായി പ്രവർത്തനസജ്ജമല്ലെന്ന് കണ്ടു. രണ്ടു മോഡൽ ക്ലാസ്സ് മുറികളും നാളിതുവരെ വൈദ്യുതീകരണം നടത്തിയിട്ടില്ല. മോഡൽ ക്ലാസ്സ് മുറികളിലേക്ക് രണ്ടുവർഷം മുമ്പ് വാങ്ങിയ 2 ടൺ ശേഷിയുള്ള രണ്ടു എയർകണ്ടീഷണറുകളും നാളിതുവരെ സ്ഥാപിക്കാനായിട്ടില്ല.

2013-14,2014-15,2015-16 എന്നീ വർഷങ്ങളിലായി മോഡൽ ക്ലാസ്സ് മുറികൾ സജ്ജമാക്കുന്നതിനായി രൂപീകരിച്ച പ്രൊജക്ടുകളുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം, പേര് | ചെലവഴിച്ച തുക ₹ |
|---|---|---|
| 2013-14 | 74/14, പുതുരുത്തി മോഡൽ ക്ലാസ്സ് മുറി | 820664 |
| " | 75/14, പാർളിക്കാട് മോഡൽ ക്ലാസ്സ് മുറി | 100000 |
| 2014-15 | 166/15,പാർളിക്കാട് മോഡൽ ക്ലാസ്സ് മുറി | 1146825 |
| " | 248/15,പുതുരുത്തി മോഡൽ ക്ലാസ്സ് മുറി | 451317 |
| 2015-16 | 167/16,മോഡൽ ക്ലാസ്സ് മുറികളിലേക്ക് ഫർണീച്ചർ | 294000 |
| ആകെ | | 2812806 |

കഴിഞ്ഞ 3 വർഷത്തെ സുലേഖ പത്രിക പ്രകാരം മോഡൽ ക്ലാസ്സ് മുറി നിർമ്മിക്കുന്നതിനായി നടത്തിയ ചെലവാണിത്. അതിന് മുമ്പ് നടത്തിയ ചെലവുകളോ സുലേഖ പത്രികയിൽ ചേർക്കാത്ത ചെലവുകളോ കണക്കാക്കിയിട്ടില്ല.

മേൽപ്രകാരം വൻതുക ചെലവഴിച്ച് നടപ്പാക്കിയ പ്രൊജക്ട് നാളിതുവരെ പ്രയോജനപ്രദമായിട്ടില്ല. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## **3-44** സുലേഖ ചെലവ് പത്രികയും ട്രഷറി ബിൽബുക്ക്/വൗച്ചറുകൾ എന്നിവ പ്രകാരമുള്ള ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

പദ്ധതി നിരീക്ഷണ സോഫ്റ്റ് വെയറായ സുലേഖ പ്രകാരമുള്ള പ്രൊജക്ട് ചെലവുകളും ട്രഷറി ബിൽബുക്ക്/വൗച്ചറുകൾ എന്നിവ പ്രകാരമുള്ള ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| പ്രൊജക്ട് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രഷറി ബിൽബുക്ക്/വൗച്ചറുകൾ എന്നിവ പ്രകാരമുള്ള ചെലവ്₹ | സുലേഖ പത്രിക പ്രകാരമുള്ള ചെലവ്₹ |
|---|---|---|---|
| 203/16 | വി.ഇ.ഒ. വടക്കാഞ്ചേരി | 210000 | 200000 |
| 225/16 | " | 580000 | ---- |

| | | | |
|---|---|---|---|
| 1/16 | എച്ച്.എം. ജി.എൽ.പി. എസ്. വടക്കാഞ്ചേരി | 600730 | ---- |
| 71/16 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.മുണ്ടത്തിക്കോട് | 147880 | 467718 |
| 211/16 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.എരുമപ്പെട്ടി | 324542 | 189907 |
| 76/16 | സെക്രട്ടറി,വടക്കാഞ്ചേരി നഗരസഭ | 2929000 | 2000000 |

ചെലവ് പത്രികയും യഥാർത്ഥ ചെലവുകളും തമ്മിലുള്ള വ്യതിയാനത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് നഗരസഭാ സെക്രട്ടറി മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| സംസ്ഥാന വൈദ്യുതി ബോർഡ് | 173/16, അത്താണി സ്ട്രീറ്റ് ലൈൻ നീട്ടൽ | ട്.ബി.നം. 11/28.3.16 | 148795 | --- | 148795 |
| " | മെഡിക്കൽകോളേജ് സ്ട്രീറ്റ് ലൈൻ നീട്ടൽ | ട്.ബി.നം. 19/31.3.16 | 150000 | -- | 150000 |

ഈ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഷികകണക്കിൽ ഈ ചെലവ് മുൻകൂറായി ചേർക്കാത്തതുകാരണം ബാലൻസ് ഷീറ്റിൽ ഈ തുക ക്രമീകരിക്കാനുള്ളതായി കാണിച്ചിട്ടില്ല.

# 4-3 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15300 |
| തൻവർഷം നിക്ഷേപിച്ച തുക | 500000 |
| ആകെ | 515300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | _ |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 515300 |

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം | | 4961232 | 4961232 | 186652 | 254718 | 4774530 |
| രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതി | | 23000000 (വടക്കാഞ്ചേരി പഞ്ചായത്ത്) 16665000 (മുണ്ടത്തിക്കോട് പഞ്ചായത്ത്) | 16700000 _ | 2000000 _ | 929000 _ | 21000000 16665000 |

•

# 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 100000 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ശ്രീ.ഗോപാല കൃഷ്ണൻ | വായനശാല മെഡിക്കൽ കോളേജ് റോഡ് | ഡി.ഡി.നം. 210071/ 6.2.16 | 100000 | ഇല്ല | 100000 |

## 4-6 ഓഡിറ്റ് റിക്കവറി

2015 നവംബർ 1 മുതൽ വടക്കാഞ്ചേരി നഗരസഭ രൂപീകൃതമായതിനാൽ ഓഡിറ്റ് റിക്കവറിയിനത്തിൽ തുക വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

വടക്കാഞ്ചേരി നഗരസഭ 2015 നവംബർ 1 മുതൽ രൂപീകൃതമായതിനാൽ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 53723547 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77674498 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 35000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4418428 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-2 | | 25000 | എസ്.നവാസ് അസി.സെക്രട്ടറി മുണ്ടത്തിക്കോട് മേഖലാ കാര്യാലയം |
| 3-3 | | 10000 | രാമചന്ദ്രൻ.വി അസി.സെക്രട്ടറി വടക്കാഞ്ചേരി മേഖലാ കാര്യാലയം |
| | | 35000 | |

സി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 920000 | ശരത് മോഹൻ.വി.ഇ.ഒ മുണ്ടത്തിക്കോട് മേഖലാകാര്യാലയം |
| 3-11 | 250000 | ഡോ.ലീന, വെറ്ററിനറി സർജൻ, മുണ്ടത്തിക്കോട് മേഖലാകാര്യാലയം |
| 3-12 | 312500 | ഡോ.ജോയ് കുര്യാക്കോസ്, വെറ്ററിനറി സർജൻ, വടക്കാഞ്ചേരി മേഖലാകാര്യാലയം |
| 3-13 | 43105 | ലിജോ അഗസ്റ്റിൻ,മുനിസിപ്പൽ സെക്രട്ടറി |
| 3-15 | 171340 | ലിജോ അഗസ്റ്റിൻ,മുനിസിപ്പൽ സെക്രട്ടറി |
| 3-25 | 46680 | ലിജോ അഗസ്റ്റിൻ,മുനിസിപ്പൽ സെക്രട്ടറി |
| 3-26 | 38055 | ലിജോ അഗസ്റ്റിൻ,മുനിസിപ്പൽ സെക്രട്ടറി |
| 3-28 | 1067328 | ലിജോ അഗസ്റ്റിൻ,മുനിസിപ്പൽ സെക്രട്ടറി |
| 3-29 | 196460 | ലിജോ അഗസ്റ്റിൻ,മുനിസിപ്പൽ സെക്രട്ടറി |
| 3-30 | 960 | ലിജോ അഗസ്റ്റിൻ,മുനിസിപ്പൽ സെക്രട്ടറി |

| | | |
|---|---|---|
| 3-31 | 350000 | ലിജോ അഗസ്റ്റിൻ,മുനിസിപ്പൽ സെക്രട്ടറി |
| 3-32 | 500000 | ലിജോ അഗസ്റ്റിൻ,മുനിസിപ്പൽ സെക്രട്ടറി |
| 3-34 | 37500 | ലിജോ അഗസ്റ്റിൻ,മുനിസിപ്പൽ സെക്രട്ടറി |
| 3-35 | 484500 | രാമചന്ദ്രൻ.വി അസി.സെക്രട്ടറി വടക്കാഞ്ചേരി മേഖലാ കാര്യാലയം |
| ആകെ | 4418428 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നവാസ്.എസ് അസി.സെക്രട്ടറി | അസി.സെക്രട്ടറി മുണ്ടത്തിക്കോട് മേഖല കാര്യാലയം, വടക്കാഞ്ചേരി നഗരസഭ | കൊച്ചുപറമ്പിൽ ഹൗസ്,പെരിങ്ങാല പി.ഒ,കായംകുളം, ആലപ്പുഴ.690559 |
| രാമചന്ദ്രൻ.വി | അസി.സെക്രട്ടറി | വെള്ളിയാട്ടിൽ ഹൗസ്, |

| | | |
|---|---|---|
| അസി.സെക്രട്ടറി | വടക്കാഞ്ചേരി മേഖല കാര്യാലയം, വടക്കാഞ്ചേരി നഗരസഭ | കോടന്നൂർ.പി.ഒവെസ്റ്റ് തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള ഗസറ്റ് അസാധാരണം നം 1061/30.04.2015,സർക്കാർ ഉത്തരവ് (അച്ചടി നം)152/15 /ത.സ്വ.ഭ.വ,30.04.2015 അനുസരിച്ച് മുണ്ടത്തിക്കോട്,വടക്കാഞ്ചേരി എന്നീ ഗ്രാമ പഞ്ചായത്തുകളെ വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയായി 2015 നവംബർ 1 തിയ്യതി പ്രാബല്യത്തിൽ രൂപികരിച്ചുകൊണ്ട് കേരള സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതിനാൽ വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ ഇല്ല.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ (എം.)117/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
തിയ്യതി: 31/01/2017

ഫോൺ നം. 0487-2331249

ഇ മെയിൽ : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും, നഗരപാലികാസ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയുടെ 31.03.2016ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റുമെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടക്കാഞ്ചേരി നഗരസഭയുടെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

•

# Audit certificate

No.KSA-TSR(M)117/2017

Kerala State Audit Department,

District Audit Office,
Thrissur- 680 020

Dated: 31/01/2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Wadakanchery Muncipality in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Wadakanchery Muncipality for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Joint Director

District Audit Office,

Thrissur.